സീറോമലബാർ സഭയുടെ

# കുർബ്ബാനക്രമം

അഭിപ്രായത്തിനു സമർപ്പിക്കുന്നതു്

14–9–1967.

SACRED HEART PROVINCIAL LIBRARY No 7185

# സീറോമലബാർ സഭയുടെ

# കുർബ്ബാനക്രമം

DHARMARAM VIDYA KSHETRAM Central Library BANGALORE-560 029
F96 / Sy86
F5-4 / Sy86

അഭിപ്രായത്തിനു സമർപ്പിക്കുന്നതു്

14-9-1967.

DHARMARAM VIDYA KSHETRAM
LIBRARY
Acc. No. ..................................
Call No. ..................................

# പ്രസ്താവന

കർബാനയുടെ ഒരു പുതിയ വിവർത്തനം അഭിപ്രായത്തിനു സമർപ്പിക്കയാണ്. സത്യദീപത്തിൽ പ്രസിദ്ധീകരിച്ചിരുന്ന തർജ്ജമയെപ്പററി വിവിധ തുറകളിൽപ്പെട്ടവർ അയച്ചുതന്ന ആയിരത്തോളം അഭിപ്രായങ്ങൾ വിലയിരുത്തി യുക്തമെന്നു തോന്നിയ ഏതാനും പരിഷ്കാരങ്ങളോടുകൂടി തയാറാക്കിയതാണ് ഈ വിവർത്തനം. മഹാകവി ജീ. ശങ്കരക്കുറുപ്പ്, പ്രൊഫസർ ഉലഹന്നൻമാപ്പിള, പ്രൊഫസർ പി. സി. ദേവസ്യാ, പ്രൊഫസർ സി. എൽ. ആൻറണി, ശ്രീ കെ. വി. ആർ. പൈ, ശ്രീ പീററർജോൺകല്ലട എന്നിവർ ഗ്രന്ഥഭാഗം പരിശോധിച്ചു തിരുത്തുകയും പരിഷ്കരിക്കയുംചെയ്തു. സെപ്ററംബർ 3-ാം തിയതി മഹാകവി ജീയുടെ അദ്ധ്യക്ഷതയിൽ തേവരകോളെജിൽ കൂടിയ കത്തോലിക്കാ പ്രൊഫസർമാരുടെയും (മലയാളം) സീനിയർ മലയാളം ലെക്ചററർമാരുടെയും സമ്മേളനത്തിൽ ഗ്രന്ഥഭാഗംമുഴുവൻവീണ്ടുംവായിച്ചു ഭാഷാപരമായ പരിഷ്കരണങ്ങൾവരുത്തി. പ്രസ്തുതയോഗത്തിൽ മൂവാററുപുഴ കോളെജ് പ്രിൻസിപ്പൽ മോൺ. തോമസ് നെടുങ്കല്ലേൽ, പ്രൊഫ. ഉലഹന്നൻമാപ്പിള, പ്രൊഫ. എം. എം. മാണി, പ്രൊഫ. മാത്യു ഉലകംതറ, സിസ്റ്റർ റൊസാലിയാ, എം. എ., ശ്രീ കെ. വി. ആർ. പൈ എം. എ., റവ. ഫ. മാത്യുവാണിശ്ശേരി എം. എ. തുടങ്ങിയ ഔദ്യോഗികാംഗങ്ങളും, വൈദികരും അവൈദികരുമായ മററുപലഭാഷാപണ്ഡിതരും സന്നിഹിതരായിരുന്നു. അവൻ-നീ പ്രയോഗങ്ങളെപ്പററിയും ചർച്ചചെയ്ത് അഭിപ്രായൈക്യത്തിലെത്തി. പ്രസ്തുതയോഗത്തിൻെറ നിർദ്ദേശങ്ങളനുസരിച്ചുള്ള തിരുത്തലുകളോടുകൂടിയാണ് കർബാനയുടെ ഈ പുതിയ പരിഭാഷ അഭിപ്രായത്തിനു നല്കുന്നത്. ലിററർജിക്കൽ കമ്മിററിയുടെ പരിശോധനയ്ക്കു ഇനിയും ഇതു വിധേയമാകേണ്ടതുണ്ട്.

ചൊല്ലുവാനുള്ള സൗകര്യംപരിഗണിച്ചും, കഴിയുമെങ്കിൽ പാട്ടുകർബാനയ്ക്കുകൂടി ഉപകരിക്കണമെന്നു കരുതിയുമാണു അംഗവാക്യങ്ങളായി മുറിച്ചു വാചകഘടന ക്രമപ്പെടുത്തിയിരിക്കുന്നത്.

അന്യത്രചേർത്തിരിക്കുന്ന കൗൺസിൽഡിക്രിയുടെവെളിച്ചത്തിൽ ആവർത്തനരൂപത്തിലുള്ള ചിലപ്രാർത്ഥനകൾ വിട്ടുകളഞ്ഞിട്ടുണ്ട്. അവയിൽചിലതുപാട്ടുകർബാനയുടെ ഗ്രന്ഥഭാഗത്തിൽ ചേർക്കേണ്ടവയാണ്. പഴയഗ്രന്ഥഭാഗംഅന്യൂനമായി സംരക്ഷിക്കുവാൻ അതിൻെറ പൂർണ്ണരൂപംതനിച്ച് അടിച്ചുചേർക്കുന്നതായിരിക്കുമെല്ലോകൂടുതൽ സൗകര്യം.

ഞായറാഴ്ചയും തിരുനാളുകളിലും ചൊല്ലുവാനുള്ള കർബാനയാണ് തല്ക്കാലം തയ്യാറാക്കിയിരിക്കുന്നത്. ആ ദിവസങ്ങളിൽ ആഘോഷമായ സുവിശേഷവായനയും, ധൂപത്തിൻെറ ഉപയോഗവും അഭിലഷണീയമായിരിക്കുമെന്നുള്ള അഭിപ്രായത്തെ മാനിച്ച് അവയ്ക്കുള്ള ക്രമവും ചേർത്തിട്ടുണ്ട്

ക്രമങ്ങളിൽ വരുത്തിയിരിക്കുന്ന പ്രധാനമായ മാററങ്ങൾ താഴെ കുറിക്കുന്നു.

1. കുരിശുവരച്ചുകൊണ്ടു കുർബ്ബാനയാരംഭിക്കുന്നു.

2. കൈമുത്തൽ ഉപേക്ഷിച്ചു.

3. വീഞ്ഞും വെള്ളവും വലത്തുവശത്തു വയ്ക്കുന്നു. കൈകഴുകുന്നതു് ഇടത്തുവശത്താണ്.

4. പുരോഹിതൻ പ്രാർത്ഥന യാചിക്കുന്നതും ആശീർവ്വാദം നല്കുന്നതുംമററും ജനങ്ങളുടെ നേരെ തിരിഞ്ഞുനിന്നുകൊണ്ടാണ്. പുരോഹിതൻ സമാധാനം നേരുമ്പോഴും ആശീർവ്വദിക്കുമ്പോഴും ജനങ്ങൾ കുരിശുവരയ്ക്കുന്നു.

5. വിശ്വാസപ്രമാണത്തിനുശേഷവും സമാപനപ്രാൎത്ഥനകഴിഞ്ഞും മാത്രമേ ബലിപീഠം ചുംബിക്കയുള്ളു.

6. മൗനമായിരിക്കാൻ സമയം നിൎദ്ദേശിച്ചിട്ടുണ്ട്.

7. മണിയടി പൂൎണ്ണമായി നിൎത്തുകയോ കഴിയുന്നിടത്തോളം കുറയ്ക്കുകയോ ചെയ്യുക.

8. കൂദാശവചനങ്ങൾ സുറിയാനിയിലോ മലയാളത്തിലോ ചൊല്ലാം. കൂദാശചെയ്യുമ്പോൾ ഒരു പ്രാവശ്യമേ കുരിശുവരയ്ക്കുകയുള്ളു.

9. മുട്ടുകുത്തിയുള്ള പ്രാൎത്ഥന ഉപേക്ഷിച്ചിരിക്കുന്നു.

10. കൂദാശ കഴിഞ്ഞതിനുശേഷം ബലിവസ്തുക്കളിന്മേൽ കുരിശു വരയ്ക്കുകയില്ല.

11. ഹാ' എനിക്കു ദൗർഭാഗ്യം എന്നപ്രാൎത്ഥനയിലെ ആശയങ്ങൾ വേദപുസ്തകത്തിൽ അധിഷ്ഠിതമാണെങ്കിലും ആ സന്ദർഭത്തിനുപററാത്തതാണെന്നു പലരും അഭിപ്രായപ്പെട്ടതിനാൽ അതു വിട്ടുകളഞ്ഞു.

ഇതു പരിവൎത്തനത്തിൻെറയും വളൎച്ചയുടെയും കാലഘട്ടമാകയാൽ ക്രമവിധികളുടെ വിശദാംശങ്ങളെല്ലാം തിട്ടപ്പെടുത്തീട്ടില്ല.

# ആരാധനക്രമം

## അതുസംബന്ധിച്ചുള്ള കൗൺസിൽഡിക്രിയിലെ പ്രസക്തഭാഗങ്ങൾ

### 1) റീത്തുകളുടെ ശ്രേഷ്ഠത

പാരമ്പര്യത്തോടുള്ള വിശ്വസ്തമായ അനുസരണത്തിന്റെ വെളിച്ചത്തിൽ, ഈ പ. സൂനഹദോസ് പ്രഖ്യാപിക്കുന്നു, നിയമാനുസൃതം അംഗീകൃതമായ എല്ലാ റീത്തുകൾക്കും തിരുസ്സഭാമാതാവ് തുല്യാവകാശവും ശ്രേഷ്ഠതയുമാണ് കല്പിക്കുന്നതെന്ന്. ആകയാൽ ഭാവിയിലും അവയെ സംരക്ഷിച്ചു സർവ്വവിധത്തിലും പരിപോഷിപ്പിച്ചു കൊണ്ടുവരാൻ അവൾ ആഗ്രഹിക്കുന്നു. മാത്രമല്ല, ആവശ്യമെന്നു തോന്നുന്നിടത്തു, പരിപക്വമായ പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ റീത്തുകളെ സസൂക്ഷ്മം പരിശോധന ചെയ്യാനും, ആധുനിക കാലത്തിന്റെ ആവശ്യങ്ങളേയും സാഹചര്യങ്ങളേയും നേരിടാൻ പോരുന്ന പുത്തൻ ചൈതന്യം അവയിലേയ്ക്കു പകരാനും കൗൺസിലിനാഗ്രഹമുണ്ട്. (4)

സഭയുടെ പ്രവർത്തനംതന്നെ ആരാധനക്രമമാകുന്ന അത്യുച്ചസ്ഥാനത്തേയ്ക്കാണ് തിരിഞ്ഞിരിക്കുന്നത്. അവളുടെ ശക്തിമുഴുവൻ നിർഗ്ഗളിക്കുന്നതും അവിടെ നിന്നുതന്നെ. കാരണം, പ്രേഷിതവേലയുടെ മുഖ്യലക്ഷ്യം, വിശ്വാസവും മാമോദീസായുംവഴി ദൈവമക്കളാക്കപ്പെട്ടവരെല്ലാം സഭയിൽ ഒന്നുചേർന്നു ദിവ്യബലിയിൽ സംബന്ധിച്ചും, പ. കർബ്ബാന സ്വീകരിച്ചും ഏകമനസ്സായി ദൈവത്തെ പുകഴ്ത്തുകയെന്നതാണ്.

''വിശുദ്ധിയിൽ ഏകീഭവിക്കാൻ'' പെസഹാ സംബന്ധിച്ച കൂദാശകളാൽ പൂരിതരായ വിശ്വാസികളെ ആരാധനക്രമം പ്രേരിപ്പിക്കുന്നു. ''വിശ്വാസംവഴി ലഭിച്ചിട്ടുള്ളവ സ്വജീവിതത്തിൽ മുറുകെപ്പിടിക്കാൻ'' അവരോടഭ്യർത്ഥിക്കുകയും ചെയ്യുന്നു. കർത്താവും മനുഷ്യരുംതമ്മിൽ നിലവിലിരിക്കുന്ന ആളടമ്പടിയുടെ വി. കർബ്ബാനയിലുള്ള നവീകരണം, വിശ്വാസികളെ അവിടത്തെ നേരെയുള്ള ഗാഢസ്നേഹത്തിലേയ്ക്കാകർഷിക്കുകയും ഉജ്ജ്വലിപ്പിക്കുകയും ചെയ്യുന്നുണ്ട്; ആകയാൽ, ആരാധനക്രമത്തിൽനിന്ന്, വിശിഷ്യാ വി. കർബ്ബാനയിൽനിന്ന്, ഒരു ഉറവയിൽനിന്നെന്നപോലെ പ്രസാദവരം നമ്മിലേയ്ക്ക് പ്രവഹിക്കുന്നു. അങ്ങനെ ദൈവമഹത്വീകരണവും മനുഷ്യവിശുദ്ധീകരണവും ഏററവും ഫലവത്തായി നിർവ്വഹിക്കപ്പെടുന്നു. സഭയുടെ മറെറല്ലാ പ്രവർത്തനങ്ങളും, അവയുടെ ലക്ഷ്യത്തിലേയ്ക്കെന്നപോലെ ഉന്നം വെച്ചിരിക്കുന്നതു മേൽപ്രസ്താവിച്ച രണ്ടു സംഗതികൾക്കായിട്ടത്രെ. (10)

### 2) ആരാധനക്രമപരിഷ്ക്കരണം

വി. ആരാധനക്രമത്തിൽനിന്നു ക്രിസ്തീയവിശ്വാസികൾ സമൃദ്ധമായഫലങ്ങൾ കൂടുതൽ സുരക്ഷിതമായി പകർന്നെടുക്കാൻ ഇടവരട്ടെ. ഇതു സാദ്ധ്യമാകാനാണു തിരുസ്സഭാമാതാവ് വലിയസൂക്ഷത്തോടെ ആരാധനക്രമത്തിൽ ഒരു പൊതുപരിഷ്ക്കരണം നടത്താനാഗ്രഹിക്കുന്നത്. കാരണം ആരാധനക്രമത്തിൽ പരിവർത്തനാതീതമായ ദൈവസ്ഥാപിത ഘടകങ്ങളുണ്ട്; പരിവർത്തനവിധേയമായവയിൽ ആരാധനക്രമത്തിന്റെ ആന്തരീകഭാവത്തോടു പൊരുത്തപ്പെടാത്തതോ, യോജിക്കാത്തതോ ആയി എന്തെങ്കിലും കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവയിൽ കാലോചിതമായ മാററങ്ങൾ വരുത്താവുന്നതും, വരുത്തേണ്ടതുമാണ്.

ഈ പുനരുദ്ധാരണത്തിൽ പ്രാർത്ഥനകളും കർമ്മവിധികളും ആദ്ധ്യാത്മികമൂല്യങ്ങളെ കൂടുതൽ വ്യക്തമായി പ്രകാശിപ്പിക്കത്തക്കവണ്ണം ക്രമീകരിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ക്രൈസ്തവവിശ്വാസികൾ, സാധിക്കുന്നിടത്തോളം അവ എളുപ്പത്തിൽ ഗ്രഹിക്കാനും ഒരു സമൂഹത്തിനു ചേർന്നവിധം പൂർണ്ണമായും സജീവമായും അവയിൽ ഭാഗഭാക്കുകളാകാനും ഇടവരും.

അതുകൊണ്ട് പ. സൂനഹദോസ് താഴെ കാണുന്നവ പൊതുവായി നിശ്ചയിക്കുന്നു.

ആരാധനക്രമത്തിന്റെ നിയന്ത്രണം തിരുസ്സഭാധികാരികളെമാത്രം അതായത്, പരിശുദ്ധ സിംഹാസനത്തെയും നിയമം അനുവദിക്കുന്നെങ്കിൽ മെത്രാനെയും മാത്രം ആശ്രയിച്ചിരിക്കുന്നു.

നിയമദത്തമായ അധികാരമുപയോഗിച്ചു നിശ്ചിതപരിധികളിൽ നിയമാനുസാരം സ്ഥാപിതമായ മെത്രാന്മാരുടെ പ്രാദേശിക സംഘങ്ങൾക്കും ആരാധനക്രമസംബന്ധമായ നിയമനിർമ്മാണം ചെയ്യാവുന്നതാണ്.

തന്മൂലം മററാർക്കും ഒരു വൈദികനുപോലും സ്വാധികാരത്താൽ ആരാധനക്രമത്തിൽ എന്തെങ്കിലും കൂട്ടുകയോ കുറയ്ക്കുകയോ മാററംവരുത്തുകയോ ചെയ്യാവുന്നല്ല. (22)

## 3) പ്രായോഗികവശങ്ങൾ

കർമ്മോത്സുകഭാഗഭാഗിത്വം വർദ്ധമാനമാകുവാൻ കർമ്മാശംസകൾ (acclamation), മറുപടി പ്രാർത്ഥനകൾ, സങ്കീർത്തനങ്ങൾ, ഇരുഭാഗമായുള്ള പ്രാർത്ഥനകൾ, (antiphon), സ്തുതികൾ, പ്രാർത്ഥനാഭാവങ്ങൾ, ശാരീരികഭാവങ്ങൾ എന്നീമാർഗ്ഗങ്ങൾ സ്വീകരിക്കാൻ വിശ്വാസികളെ പ്രേരിപ്പിക്കണം. തക്കസമയങ്ങളിൽ പൂജ്യമായ മൗനം പാലിക്കേണ്ടതും ആവശ്യമാണ്. (30)

തിരുക്കർമ്മങ്ങളിൽ വിശിഷ്ടമായ ലാളിത്യംതെളിഞ്ഞുനില്ക്കണം; അവ ദീർഘങ്ങളാകരുത്; പ്രത്യക്ഷവും അനാവശ്യവുമായ ആവർത്തനങ്ങൾ ഉണ്ടാവുകയുമരുത്. സാധാരണക്കാരന്റെ ഗ്രഹണശക്തിയിൽ അവ ഒതുങ്ങിനില്ക്കണം. അതുപോലെ തന്നെ, സാധാരണഗതിയിൽ, അധികം വിശദീകരണം ആവശ്യമില്ലാത്തവയുമാകേണ്ടതാണ്. (34)

## 4) ബൈബിൾവായന

തിരുക്കർമ്മാനുഷ്ഠാനങ്ങളിൽ വി. ഗ്രന്ഥപാരായണത്തിനു കൂടുതൽ പ്രാധാന്യം നല്കണം. അവ വൈവിദ്ധ്യമുള്ളതും അവസരോചിതവുമായിരിക്കണം. (35/1)

ബൈബിൾ ശുശ്രൂഷകൾക്കു പ്രോത്സാഹനം നല്കേണ്ടിയിരിക്കുന്നു; പ്രത്യേകിച്ച് കൂടുതൽ പ്രാധാന്യമുള്ള തിരുനാളുകളുടെ തലേദിവസവും, ആഗമനം, നോമ്പ് എന്നീ കാലങ്ങളിലെ ചില ഇടദിവസങ്ങളിലും. വൈദികരില്ലാത്ത സ്ഥലങ്ങളിൽ ഇവ പ്രത്യേകം ശുപാർശചെയ്യുന്നു; തദവസരത്തിൽ ഒരു ഡീക്കനോ മെത്രാൻ നിയമിക്കുന്ന മററാരെങ്കിലുമോ ഈ കർമ്മത്തിനു നേതൃത്വം വഹിക്കേണ്ടതുമാണ്. (35/4)

## 5) ലിററർജിക്കൽ കമ്മീഷൻ

22–ാം വകുപ്പ് 2–ാം നമ്പറിൽ പറയുന്ന മെത്രാന്മാരുടെ പ്രാദേശിക കോൺഫ്രൻസ് ഒരു ലിററർജിക്കമ്മീഷൻ രൂപവൽക്കരിക്കുന്നത് അഭിലഷണീയമാണ്. ആരാധനക്രമവിജ്ഞാനീയം, ദൈവാലയഗീതങ്ങൾ, കല, ആത്മപാലനപരിചയം എന്നിവയിൽ പാണ്ഡിത്യമുള്ളവർ കമ്മീഷനെ സഹായിക്കണം. ''പാസ്റ്ററൽ ലിററർജി''ക്ക് വേണ്ടിയുള്ള ഏതെങ്കിലും കേന്ദ്രസ്ഥാപനത്തിൽ നിന്ന് ഈ കമ്മീഷനു സഹായം ലഭിക്കേണ്ടതാണ്. മേൽപ്രസ്താവിച്ച വിഷയങ്ങളിൽ പാണ്ഡിത്യമുള്ളവരേയും സാഹചര്യം അനുവദിക്കുന്നത്ര അല്മായരേയും ഉൾക്കൊള്ളുന്നതാകണം ഈ കേന്ദ്രസ്ഥാപനം. മുൻപ്രസ്താവിച്ച മെത്രാന്മാരുടെ ദേശീയ കോൺഫ്രൻസിന്റെ നിർദ്ദേശാനുസരണം, ഒരു പ്രദേശത്തെ ആത്മപാല

നപരമായ തിരുക്കർമ്മാനുഷ്ഠാനങ്ങളെ ക്രമീകരിക്കേണ്ട ചുമതല ഈ കമ്മീഷനായിരിക്കണം. മാത്രമല്ല, തിരുസിംഹാസനത്തിനു സമർപ്പിക്കേണ്ട ദേശീയ സാത്മീകരണം സംബന്ധിച്ച പഠനങ്ങളും പരീക്ഷണങ്ങളും പ്രോത്സാഹിപ്പിക്കേണ്ടതും ഈ കമ്മീഷനാണ്. (44)

ഇക്കാരണത്താൽതന്നെ, ഓരോ രൂപതയിലും മെത്രാന്റെ മേൽനോട്ടത്തിൽ ആരാധനക്രമസംബന്ധമായ പ്രേഷിതവേല പ്രോത്സാഹിപ്പിക്കാൻ ഒരു ലിറ്റർജിക്കമ്മീഷൻ ഉണ്ടായിരിക്കേണ്ടതാണ്.

പല രൂപതകൾ ഒത്തുചേർന്ന് ഒരു കമ്മീഷനെ നിയോഗിക്കുന്നതു ചിലപ്പോൾ അഭിലഷണീയമായിരിക്കും. പൊതുവായ ചർച്ചകൾവഴി ആരാധനക്രമത്തെ പ്രോത്സാഹിപ്പിക്കാൻ അതുപകരിക്കുമല്ലോ. (45)

## 6) കാലോചിതമാക്കണം

വിശ്വാസികൾ ഭക്തിയോടു കൂടിയും സജീവമായും വി. കുർബ്ബാനയിൽ പങ്കെടുക്കാൻവേണ്ടി കുർബ്ബാനയുടെ ക്രമവിധികൾ പുനഃസംവിധാനം ചെയ്യണം. അതിൽ ബലിയുടെ ആന്തരികമായ സ്വഭാവവും ഓരോ ഭാഗത്തിന്റേയും പ്രത്യേകമായ ഉദ്ദേശ്യവും വിവിധഭാഗങ്ങളുടെ പരസ്പരബന്ധവും കൂടുതൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്.

ഈ ഉദ്ദേശ്യം സാധിക്കാനായി കർമ്മവിധികളുടെ സാരാംശത്തിനു കോട്ടം തട്ടാത്ത വിധത്തിൽ അവ ലളിതമാക്കണം. അതീതകാലങ്ങളിൽ വന്നിട്ടുള്ള ആവർത്തനങ്ങൾ, പ്രായോജനമില്ലാത്ത കൂട്ടിച്ചേർക്കലുകൾ മുതലായവ മാറേറണ്ടതാണ്. ചരിത്രപരമായ പരിതഃസ്ഥിതികൾമൂലം വന്നിട്ടുള്ള പാകപ്പിഴകൾ നീക്കി പിതാക്കന്മാരുടെ കാലത്തിനനുസൃതമാക്കണം. എന്നാൽ അതേസമയം ആവശ്യം, പ്രയോജനം എന്നിവ മാനദണ്ഡമാക്കി പ്രായോഗികമാക്കാൻ ശ്രദ്ധിക്കുകയും വേണം. (50)

## 7) വി. ഗ്രന്ഥം

ദൈവവചനത്തിന്റെ മേശയിൽനിന്നും പോഷകപ്രധാനങ്ങളായ വിഭവങ്ങൾ ധാരാളമായി ലഭിക്കാൻവേണ്ടി വി. ഗ്രന്ഥത്തിലടങ്ങിയിരിക്കുന്ന നിക്ഷേപങ്ങൾ വിശ്വാസികൾക്കു പ്രദാനം ചെയ്യണം. ഇതിനുവേണ്ടി ഒരു നിശ്ചിതകാലയളവിനുള്ളിൽ വി. ഗ്രന്ഥത്തിൽനിന്നു കൂടുതൽ പ്രാധാന്യവും പ്രയോജനവുമുള്ള ഭാഗങ്ങൾ വായിച്ചുകേൾക്കാൻ അവർക്കു അവസരം നൽകേണ്ടതാണ്. (51)

## 8) മിഷൻ രാജ്യങ്ങളിൽ

മിഷൻ സ്ഥലങ്ങളിൽ ചില വർഗ്ഗക്കാർക്കു മതപരമായ ചില പ്രാരംഭകർമ്മങ്ങളുണ്ട്. ക്രിസ്തീയമതാനുഷ്ഠാനങ്ങളുമായി പൊരുത്തപ്പെടുവാൻ കഴിയുമെങ്കിൽ ഇവയെ ക്രിസ്തീയ പാരമ്പര്യത്തിൽ പെട്ടവയോടു സംയോജിപ്പിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം ചെയ്യുന്നതു്. ഈ കോൺസ്റ്റിറ്റ്യൂഷനിലെ 37 മുതൽ 40 വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകളനുസരിച്ചായിരിക്കണം. (65)

## 9) പ്രാദേശിക സഭകൾ അല്ലെങ്കിൽ റീത്തുകൾ

പരിശുദ്ധ കത്തോലിക്കാസഭ ക്രിസ്തുവിന്റെ മൗതികശരീരമാണ്. ഇതിൽ ഉൾപ്പെടുന്നവർക്കു വിശ്വാസം ഒന്ന്. കൂദാശകൾ ഒന്ന്, ഭരണരീതിയും ഒന്ന്. ഇവവഴി വിശ്വാസികൾ പരിശുദ്ധാത്മാവിൽ സജീവമായി സംയോജിക്കപ്പെട്ടിരിക്കുന്നു. വിശ്വാസികൾ വിവിധ സമൂഹങ്ങളായി, ഹയരാർക്കിയുടെ കീഴിൽ പ്രാദേശികസഭകൾ അല്ലെങ്കിൽ റീത്തുകളായി ഒത്തുചേർന്നിരിക്കുന്നു. ഈ സഭകൾതമ്മിൽ പ്രശംസനീയമായ ബന്ധം പുലർത്തുന്നുണ്ട്. അതിനാൽ വിവിധ

ത്വം സഭയുടെ ഐക്യത്തെ തകർക്കുകയല്ല, പ്രത്യുത പ്രത്യക്ഷമാക്കുകയാണ് ചെയ്യുന്നതു്. ഓരോ പ്രാദേശിക സഭയുടേയും പാരമ്പര്യങ്ങളെ യാതൊരു കോട്ടവും കൂടാതെ സംരക്ഷിക്കുകയെന്നതാണ് തിരുസ്സഭയുടെ അഭിലാഷം. വിവിധങ്ങളായ സ്ഥലകാലാവശ്യങ്ങൾക്കനുസരണമായി ജീവിതത്തെ ക്രമീകരിക്കാനും അവൾ ആഗ്രഹിക്കുന്നു. (2)

നിയമാനുസൃതമായ ആരാധനക്രമങ്ങളും ശിക്ഷണങ്ങളും തങ്ങൾക്കു സംരക്ഷിക്കാമെന്നും തങ്ങൾ സംരക്ഷിക്കണമെന്നും എല്ലാ പൗരസ്ത്യസഭകളും സുനിശ്ചിതമായി അറിഞ്ഞിരിക്കട്ടെ. അവയുടെ ജീവാത്മകമായ വളർച്ചയ്ക്കു വേണ്ടിമാത്രമല്ലാതെ യാതൊരു മാററവും അവയിൽ വരുത്താവുന്നതല്ല. അതിനാൽ ഏററവും വിശ്വസ്തതയോടെ ഇവയെല്ലാം പൗരസ്ത്യർതന്നെ അനുസരിക്കണം. മുമ്പത്തേക്കാൾ കൂടുതലായി ഇവയെപ്പററി പഠിക്കുകയും ഇവ പൂർണ്ണമായി ആചരിക്കുകയും വേണം. കാലത്തിന്റേയോ വ്യക്തികളുടേയോ സാഹചര്യങ്ങൾക്കു് അടിപ്പെട്ടു് തങ്ങൾക്കുചേരാത്ത വിധത്തിൽ ഇവയിൽനിന്നും വ്യതിചലിച്ചു പോയിട്ടുണ്ടെങ്കിൽ പൗരാണിക പാരമ്പര്യത്തിലേയ്ക്കു് തിരിയുവാൻ അവർ ശ്രദ്ധിക്കേണ്ടതാണു്. ഉദ്യോഗം, അപ്പസ്തോലികസേവനം എന്നിവയാൽ പൗരസ്ത്യസഭകളോടോ അവയിലെ വിശ്വാസികളോടൊ അടുത്ത സമ്പർക്കം പുലർത്തുന്നവരുണ്ടു്. അവർ തങ്ങൾ ചെയ്യുന്ന ജോലിയുടെ ഗൗരവത്തിനനുസരിച്ചു പൗരസ്ത്യരുടെ റീത്തുകൾ, ശിക്ഷണം, പഠനം, ചരിത്രം, സ്വഭാവം എന്നിവയെ സംബന്ധിച്ചു ശരിയായ അറിവു സമ്പാദിക്കുകയും അവയെ വിലമതിക്കുകയും വേണം. പൗരസ്ത്യരാഷ്ട്രങ്ങളിലോ പൗരസ്ത്യരുടെ ഇടയിലോ ജോലിചെയ്യുന്ന ലത്തീൻറീത്തിൽപെട്ട സന്യാസസ്ഥാപനങ്ങളും സംഘടനകളും പ്രേഷിതവേലകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ വേണ്ടി, കഴിയുന്നിടത്തെല്ലാം, പൗരസ്ത്യറീത്തിലുള്ള ഭവനങ്ങളും പ്രവിശ്യകളും സ്ഥാപിക്കണമെന്നു ശക്തിയായി ഉദ്ബോധിപ്പിക്കുന്നു. (6)

## On Oriental Liturgy

(Discourse of Pope Paul VI)

Bombay, 4th Dec. 1964

"There is another obligation which stems from this realization of the catholicity of the Church. That is the obligation to remain faithful to your traditions at the same time as you strive to adapt yourself to the needs of the present age and to become more fully a part of the life and culture of your native land.

"But this fidelity is not to be a dead veneration of the past. It must be joined to a living adaptation to the needs of your people as they continue to make a positive contribution to the spiritual and cultural life of their country. In this happy union of fidelity and adaptation, entered into by all the different hierarchies and their faithful together in a spirit of fraternal cooperation, lies the promise of a genuine witness to Christ and to His Gospel in this beloved land of India, so rich in religious life and spiritual striving".

# സീറോമലബാർ സഭയുടെ

# കുർബ്ബാനക്രമം

*പുരോഹിതൻ കൈകൾ കഴുകി പൂജാവസ്ത്രങ്ങൾധരിച്ചു ശുശ്രൂഷകരോടുകൂടി മദ്ബഹായുടെ (ബലിമണ്ഡലത്തിൻെറ) മധ്യത്തിൽ ച്ചെന്നു കുനിഞ്ഞു കുരിശുവരയ്ക്കുന്നു. ജനങ്ങളും അദ്ദേഹത്തോടൊപ്പം കുരിശുവരയ്ക്കുന്നു.*

**പുരോഹിതൻ.** ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതി

**സമൂഹം.** ആമ്മേൻ.

**പുരോ.** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും

**സമൂ.** എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

**പുരോ.** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെപിതാവേ,
(സമൂഹവുംകൂടി) നിൻെറനാമം കീർത്തിക്കപ്പെടണം:
നിൻെറവാഴ്ചവരണം:
സ്വർഗ്ഗത്തിലെപ്പോലെ നിൻെറ തിരുവുള്ളം
ഭൂമിയിലും നിറവേറണം:
ഞങ്ങൾക്കു് ആവശ്യമുള്ള ആഹാരം
ഇന്നു ഞങ്ങൾക്കു നല്കണമേ:
മററുള്ളവരോടു ഞങ്ങൾക്ഷമിക്കുന്നതുപോലെ
ഞങ്ങളോടും നീക്ഷമിക്കണമേ:
ഞങ്ങളെ പരീക്ഷയിലുൾപ്പെടുത്തരുതേ:
തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ ആമ്മേൻ.

**ശുശ്രൂഷകർ** പ്രാർത്ഥിക്കാം: നമുക്കു സമാധാനമുണ്ടാകട്ടെ.

**പുരോ** *(ഞായറാഴ്ചകളിലും തിരുനാളുകളിലും)*

ഞങ്ങളുടെകർത്താവായ ദൈവമേ,
മനുഷ്യവർഗ്ഗത്തിൻെറ വിശുദ്ധീകരണത്തിനായി
നിൻെറ പ്രിയപുത്രൻ സ്ഥാപിച്ചിരിക്കുന്ന
പരിശുദ്ധമായ ഈ പരിഹാരബലി
യഥായോഗ്യം അർപ്പിക്കുവാൻ
പാപികളായ ഞങ്ങളെ ശക്തരാക്കണമേ:
പിതാവും പുത്രനും പരിശുദ്ധാത്മാവുമായസർവ്വേശ്വരാ.

*(കർത്താവിൻെറ തിരുനാളുകളിൽ)*

ഞങ്ങളുടെകർത്താവായദൈവമേ,
ഞങ്ങൾ അങ്ങയിൽ വിശ്വസിക്കയും,
ഞങ്ങളുടെ പരിശുദ്ധവിശ്വാസം
നിർവ്യാജമായി ഏററുപറയുകയും ചെയ്യുന്നു.
ഞങ്ങളുടെ ആത്മാവിനെയും ശരീരത്തെയും
പവിത്രീകരിക്കുന്ന ഈ പരിഹാരബലി
യഥായോഗ്യം അർപ്പിക്കുവാൻ
പാപികളായ ഞങ്ങളെ ശക്തരാക്കണമേ.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

*(മററുദിവസങ്ങളിൽ)*

ഞങ്ങളുടെ കർത്താവായദൈവമേ,
ആരാദ്ധ്യമായ ത്രിത്വത്തിൻെറ
പരിശുദ്ധവും മഹനീയവുമായനാമം
സ്വർഗ്ഗത്തിലും ഭൂമിയിലും
നിരന്തരം പ്രകീർത്തിക്കപ്പെടട്ടെ:
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ.** ആമ്മേൻ

**പുരോ** അങ്ങയുടെ ഭവനത്തിൽ പ്രവേശിക്കുവാനോ
അങ്ങയുടെ പരിശുദ്ധമലയിൽ പാർക്കുവാനോ
കർത്താവേ, ആർക്കു യോഗ്യതയുണ്ട്?

പരിശുദ്ധമായ ചിന്തകളോടെ
അങ്ങയുടെ ബലിപീഠത്തിനു മുമ്പാകെ നില്ക്കുവാൻ
കർത്താവേ, ഞങ്ങളെ സഹായിക്കണമേ.

അങ്ങയുടെ ഭവനത്തിൽ പ്രവേശിക്കുവാനോ
അങ്ങയുടെ പരിശുദ്ധമലയിൽ പാക്കുവാനോ
കത്താവേ, ആക്കുയോഗ്യതയുണ്ട്?

**സമൂ.** ജീവിതത്തിൽ കളങ്കമില്ലാത്തവനും
പ്രവൃത്തിയിൽ നീതിയുള്ളവനും:

**പുരോ.** ഹൃദയത്തിൽ സത്യമുള്ളവനും
നാവുകൊണ്ടു വഞ്ചിക്കാത്തവനും:

**സമൂ.** സ്നേഹിതനെ ദ്രോഹിക്കാത്തവനും
അയൽക്കാരനെ അവമാനിക്കാത്തവനും:

**പുരോ.** ദുഷ്ടനോടു കൂട്ടുകൂടാത്തവനും
ദൈവഭക്തനെ മാനിക്കുന്നവനും:

**സമൂ.** സത്യപ്രതിജ്ഞലംഘിക്കാത്തവനും
അന്യായപ്പലിശ വാങ്ങാത്തവനും:

**പുരോ.** കുററമില്ലാത്തവനു് എതിരായി
കൈക്കൂലി സ്വീകരിക്കാത്തവനും:

**സമൂ.** അവനാകുന്നു നീതിമാൻ:
അവൻ ഒരിക്കലും ഇളകുകയില്ല.

**പുരോ.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

**സമൂ.** പരിശുദ്ധമായചിന്തകളോടെ
അങ്ങയുടെ ബലിപീഠത്തിനു മുമ്പാകെ നില്ക്കുവാൻ
കത്താവേ, ഞങ്ങളെ സഹായിക്കണമേ.

**പുരോ.** എല്ലാം വിശുദ്ധീകരിക്കുന്ന ദൈവമേ,
അങ്ങയുടെ പരിശുദ്ധമായ ബലിപീഠം
എത്രമനോഹരവും മഹനീയവുമാകുന്നു!

**ശുശ്രൂ.** പ്രാത്ഥിക്കാം: നമുക്കുസമാധാനമുണ്ടാകട്ടെ.

*പുരോഹിതൻ ബലിപീഠത്തിങ്കൽകയറി മ
ധ്യഭാഗത്തുനില്ക്കുന്നു.*

**പുരോ.** *(ഞായറാഴ്ചകളിലും തിരുനാളുകളിലും)*

**ഞങ്ങളുടെ കത്താവായ ദൈവമേ,
അങ്ങയുടെ പ്രിയപുത്രൻ**

സ്വർഗ്ഗത്തിൽ നിന്ന് എഴുന്നള്ളിവരുമ്പോൾ
സ്നേഹം നിറഞ്ഞ ഹൃദയത്തോടും
ജ്ഞാനത്താൽ പ്രകാശിക്കുന്ന ആത്മാവോടുംകൂടി
ആനന്ദപൂർവ്വം അവിടത്തെ എതിരേല്ക്കുവാനും
അനുഗ്രഹസമ്പന്നമായ സഭയിൽ
നിരന്തരം അങ്ങയെ സ്തുതിക്കുവാനും
ഞങ്ങളെ യോഗ്യരാക്കണമേ.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

*(മറ്റുദിവസങ്ങളിൽ)*

ഞങ്ങളുടെ കർത്താവായ ദൈവമേ,
അങ്ങയുടെ നിരവധിയനുഗ്രഹങ്ങൾക്കുവേണ്ടി
ഞങ്ങൾ നന്ദിപറയുകയും,
അനുഗ്രഹസമ്പന്നമായ സഭയിൽ
നിരന്തരം അങ്ങയെ സ്തുതിക്കയുംചെയ്യുന്നു.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ.** ആമ്മേൻ

**പുരോ.** സകലത്തിന്റെയുംനാഥാ,
*(സമൂഹവുംകൂടി)* ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.
ഈശോമിശിഹായേ,
ഞങ്ങൾ അങ്ങയെ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ
അങ്ങു ശരീരത്തെ ഉയിർപ്പിക്കുന്നവനും,
ആത്മാവിനെ രക്ഷിക്കുന്നവനുമാകുന്നു.

**ശുശ്രൂ.** പ്രാർത്ഥിക്കാം: നമുക്കു സമാധാനമുണ്ടാകട്ടെ.

**പുരോ.** കർത്താവേ, അങ്ങുസത്യമായും
ഞങ്ങളുടെശരീരത്തെ ഉയിർപ്പിക്കുന്നവനും
ആത്മാവിനെ രക്ഷിക്കുന്നവനുമാകുന്ന്
എപ്പോഴും അങ്ങയെആരാധിക്കുവാനും
കൃതജ്ഞതാപൂർവ്വം പാടിപ്പുകഴ്ത്തുവാനും
ഞങ്ങൾ കടപ്പെട്ടവരാകുന്നു.
സകലത്തിന്റേയും നാഥാ, എന്നേയ്ക്കും.

**സമൂ.** ആമ്മേൻ

**ശുശ്രൂ.** നമുക്കെല്ലാവർക്കും സ്വരമുയർത്തി
നിത്യനായ ദൈവത്തെ പ്രകീർത്തിക്കാം.

## ഗാനം

സർവ്വേശാ, നീ പരിശുദ്ധൻ
ബലവാനേ, നീ പരിശുദ്ധൻ
നിത്യനമർത്യൻ പരിശുദ്ധൻ
നിൻ കൃപ ഞങ്ങൾക്കേകണമേ.

**ശുശ്രൂ.** പ്രാർത്ഥിക്കാം: നമുക്കു സമാധാനമുണ്ടാകട്ടെ.

**പുരോ.** വിശുദ്ധരിൽ വസിക്കുന്ന ദൈവമേ,
അവരിൽ സംപ്രീതനായിരിക്കുന്ന കർത്താവേ,
കാരുണ്യപൂർവ്വം ഞങ്ങളെ കടാക്ഷിക്കുകയും
ഞങ്ങളുടെ പാപങ്ങളെല്ലാം ക്ഷമിച്ച്
ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ.** ആമ്മേൻ

**പുരോ.** ഞങ്ങളുടെ കർത്താവായ ദൈവമേ,
ജീവദായകമായ നിന്റെ കല്പനകൾ
പരിപൂർണ്ണമായി ഗ്രഹിക്കുവാൻ
ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ.
ആത്മാവിനും ശരീരത്തിനും ആവശ്യകമായ
സ്നേഹവും പ്രത്യാശയും പാപമോചനവും
ആ കല്പനകളിൽ നിന്നു പകർന്നെടുക്കുവാൻ
ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ.** ആമ്മേൻ

ശുശ്രൂഷകൻ ലേഖനഗ്രന്ഥമെടുത്തു പുരോഹിതന്റെ ഇടത്തുവശത്തുചെന്നു താഴ്ന്ന സ്വരത്തിൽ 'ഗുരോ, ആശീർവ്വദിച്ചാലും' എന്നുപറഞ്ഞു കുനിഞ്ഞു നില്ക്കുമ്പോൾ പുരോഹിതൻ ഇടത്തോട്ടു തിരിഞ്ഞു കുരിശടയാളത്താൽ അയാളെ ആശീർവ്വദിക്കുന്നു. ശുശ്രൂഷകൻ അഴിക്കാലിനടുത്തുചെന്നു ജനങ്ങളുടെ നേരെ തിരിഞ്ഞു ഇന്നുശ്ലീഹാ (ഇ

ന്നാക്കു്) എഴുതിയ ലേഖനം എന്നു പറഞ്ഞ ശേഷം ലേഖനഭാഗം വായിക്കുന്നു. വായന കഴിയുമ്പോഠം

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ലേഖനവായന കഴിയുമ്പോഠം പുരോഹിതൻ സുവിശേഷഗ്രന്ഥമെടുത്തു മുഖത്തോളം ഉയർത്തിപ്പിടിച്ചു ബലിപീഠത്തിൻെറ നടുവിൽ നിന്നുകൊണ്ടു ചൊല്ലുന്നു

**പുരോ.** സുവിശേഷത്തിൻെറ വെളിച്ചത്താൽ
ആത്മാവിലെ അന്ധകാരം അകററിക്കളയുവാൻ
ഭൂമിയിൽ മനുഷ്യനായിപ്പിറന്ന മിശിഹായേ,
ഞങ്ങഠം അങ്ങയോടു നന്ദിപറയുന്നു.
അങ്ങയെ ഞങ്ങളുടെ പക്കലേയ്ക്കയച്ച
അനന്തകാരുണ്യം വാഴ്ത്തപ്പെട്ടതാകട്ടെ.
ഞങ്ങഠം അങ്ങേയ്ക്കു സാക്ഷികളാകുവാൻവേണ്ടി
സുവിശേഷത്താൽ ഞങ്ങളെ വിജ്ഞാനികളാക്കുകയും
അങ്ങയുടെ ജ്ഞാനത്താൽ ഞങ്ങളെ പ്രകാശിപ്പിക്കയും
സത്യംകൊണ്ടു ഞങ്ങളെ വിശുദ്ധീകരിക്കയും ചെയ്യണമേ.
സകലത്തിൻെറയും നാഥാ, എന്നേയ്ക്കും.

**സമൂ.** ആമ്മേൻ

സുവിശേഷഗ്രന്ഥം അങ്ങനെതന്നെ കൈയിൽ പിടിച്ചുകൊണ്ടു പുരോഹിതൻ അഴിക്കാലിനടുത്തു ചെന്നു പുസ്തകം കൊണ്ടു കുരിശുവരച്ചു സമാധാനം ആശംസിക്കുന്നു.

**പുരോ.** നിങ്ങഠംക്കു ✠ സമാധാനം.

**സമൂ.** അങ്ങേയ്ക്കും.

**പുരോ.** വിശുദ്ധ......എഴുതിയ നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

വായന തീരുമ്പോഠം പുരോഹിതൻ പുസ്തകം മടക്കി ചുംബിക്കുന്നു.

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

സൂചന:– സുവിശേഷപീഠത്തിന്മേൽ വച്ചാണു സുവിശേഷം വായിക്കുക. രണ്ടു വശത്തും ഓരോ തിരികത്തിച്ചിരിക്കണം.

അതിനു സൗകര്യമില്ലെങ്കിൽ സുവിശേഷം വായിക്കുമ്പോൾ പുരോഹിതന്റെ രണ്ടു വശത്തും ഓരോശ്രുശ്രൂഷകൻ, കത്തിച്ച തിരിയും പിടിച്ച ജനങ്ങളുടെ നേരെതിരിഞ്ഞുനില്ക്കുന്നു. തത്സമയം മുമ്പിൽ നിന്നു കൊണ്ടു ഒരാൾ ധൂപം വീശുന്നു.

വായന കഴിഞ്ഞു പുരോഹിതൻ ബലിവസ്തുക്കൾ തയ്യാറാക്കുവാൻ പീഠത്തിങ്കലേയ്ക്കു പോകുമ്പോൾ ശുശ്രൂഷകൻ ജനങ്ങളുടെ നേരെതിരിഞ്ഞു നിന്നു ചൊല്ലുന്നു.

**ശുശ്രൂ.**

നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടിനിന്ന് കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം

**സമൂ.** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ.** ഞങ്ങളുടെ രക്ഷകനും പരിപാലകനുമായ ദൈവമേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ.** ഞങ്ങളുടെ രാജ്യത്തിന്റെ രക്ഷയ്ക്കും ശ്രേയസ്സിനുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ.** ഞങ്ങളുടെ നാടിനെയും നഗരത്തെയും,
പ്രത്യേകമായി ഞങ്ങളുടെ കുടുംബങ്ങളെയും
പരിപാലിച്ചനുഗ്രഹിക്കണമെന്ന്
അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ.** തിരുസഭയുടെ അധിപനായ മാർ...പാപ്പായ്ക്കു വേണ്ടിയും ഞങ്ങളുടെ പിതാവു മാർ...മെത്രാപ്പോലീത്തായ്ക്കു (മെത്രാൻ) വേണ്ടിയും അവരുടെ സഹപ്രവർത്തകർക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ,

**ശുശ്രൂ.** നമ്മെ ഓരോരുത്തരെയും
പിതാവിനും പുത്രനും പരിശുദ്ധാത്മാവിനുംസമർപ്പിക്കാം.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** പ്രാർത്ഥിക്കാം: നമുക്കു സമാധാനമുണ്ടാകട്ടെ.

സുവിശേഷവായന കഴിഞ്ഞു പുരോഹിതൻ പീഠത്തിങ്കൽ കയറി വലത്തു വശത്തുചെന്നു കാസ തുടച്ച് അതിൽ വീഞ്ഞൊഴിക്കുന്നു.

**പുരോ.** (താഴ്ന്ന സ്വരത്തിൽ)

നമ്മുടെ കർത്താവീശോമിശിഹായുടെ
തിരുരക്തമാകുവാനുള്ള വീഞ്ഞു
കാസായിൽ ഒഴിക്കുന്നു
പിതാവിൻെറയും ✠ പുത്രൻെറയും
പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആമ്മേൻ.

വെള്ളം ആശീർവ്വദിച്ചു കാസയിൽ ഒഴിക്കുമ്പോൾ

പടയാളികളിൽ ഒരുവൻ ചെന്നു
മിശിഹായുടെ തിരുവിലാവിൽ
കുന്തംകൊണ്ടുകുത്തി:
ഉടനെ രക്തവും ജലവും ഒഴുകി:
അതു കണ്ടയാൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു:
അയാളുടെ സാക്ഷ്യം സത്യമാണ്:
പിതാവിൻെറയും ✠ പുത്രൻെറയും
പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആമ്മേൻ.

രണ്ടാമതു വീഞ്ഞൊഴിക്കുമ്പോൾ

വീഞ്ഞു വെള്ളത്തോടും
വെള്ളം വീഞ്ഞിനോടും കലർത്തപ്പെടുന്നു:
പിതാവിൻെറയും പുത്രൻെറയും
പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആമ്മേൻ

കാസ മൂടിവച്ചിട്ട് ഇടത്തുവശത്തുചെന്നു പീലാസ തുടച്ച് അപ്പം അതിൽ വയ്ക്കുന്നു.

നമ്മുടെകർത്താവീശോമിശിഹായുടെ
തിരുശരീരമാകുവാനുള്ള അപ്പം
പീലാസയിൽ വയ്ക്കുന്നു:
പിതാവിൻെറയും ✠ പുത്രൻെറയും
പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആമ്മേൻ.

പീലാസ അവിടെത്തന്നെ വച്ചിട്ട പുരോഹിതൻ പീഠത്തിൻെറ നടുവിൽ ചെന്നു നില്ക്കുന്നു

**പുരോ.** (കൈവിരിച്ചുപിടിച്ച് ഉയർന്നസ്വരത്തിൽ)
കർത്താവേ, സർവ്വശക്തനായ ദൈവമേ,
അങ്ങയുടെ അനുഗ്രഹംകൊണ്ടു ഞങ്ങളെ നിറയ്ക്കണമേ:
അങ്ങയുടെ സ്വർഗ്ഗീയവരങ്ങളും ദാനങ്ങളും
ഞങ്ങൾവഴി വർഷിക്കണമേ:
ഞങ്ങളുടെ പാപങ്ങൾ പൊറുക്കുകയും
ഞങ്ങൾക്കുമാപ്പു തരികയും ചെയ്യണമേ:
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** (ജനങ്ങളുടെനേരെ തിരിഞ്ഞ്)
ആദരപൂർവ്വംനിന്ന് എല്ലാവരും
ആശീർവ്വാദം സ്വീകരിക്കുവിൻ

ജനങ്ങൾ തലകുനിച്ചുനില്ക്കുന്നു

**പുരോ.** (ഞായറാഴ്ചകളിലും തിരുനാളുകളിലും)
കർത്താവേ, സർവ്വശക്തനായ ദൈവമേ,
അങ്ങയുടെ പ്രിയപുത്രനായ മിശിഹാ
പീഢകളനുഭവിച്ചുവീണ്ടെടുത്ത
പരിശുദ്ധവുംസാർവ്വത്രികവുമായസഭയിൽ
പരിശുദ്ധാത്മാവിൻെറ അനുഗ്രഹത്താൽ
പൗരോഹിത്യത്തിൻെറ പദവികൾ നല്കപ്പെടുന്നു.
അയോഗ്യരും ബലഹീനരുമായ ഞങ്ങളെ
മഹത്തായ കത്തോലിക്കാസഭയിൽ
ആദ്ധ്യാത്മികസേവനമനുഷ്ഠിക്കുവാൻ
അങ്ങു തിരഞ്ഞെടുത്തിരിക്കുന്നുവല്ലോ,
അതിനാൽ ഞങ്ങളുടെ മേലും

ജനങ്ങളുടെ നേരെ തിരിഞ്ഞു് കൈകമി
ഴ്ത്തിനീട്ടിപ്പിടിച്ചു്

അങ്ങേയ്ക്കു പ്രിയപ്പെട്ട ഈ ജനങ്ങളുടെമേലും
അങ്ങയുടെ അനുഗ്രഹം സമൃദ്ധമായിവർഷിക്കണമേ.
ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

(മററുദിവസങ്ങളിൽ)

കർത്താവേ, സർവ്വശക്തനായ ദൈവമേ,
സാർവ്വത്രികസഭയുടെ മേൽ
അങ്ങയുടെ കരുണയുള്ള തൃക്കൈ നീട്ടണമേ:
പ്രത്യക്ഷവും പരോക്ഷവുമായ ആപത്തുകളിൽനിന്നെല്ലാം
തിരുസഭയെ കാത്തുരക്ഷിക്കണമേ.

ജനങ്ങളുടെ നേരെ തിരിഞ്ഞു് കൈ കമി
ഴ്ത്തി നീട്ടിപിടിച്ചു്

ഞങ്ങളെയും ഈ ജനങ്ങളെയും
അങ്ങു സമൃദ്ധമായി അനുഗ്രഹിക്കണമേ.
ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂ.** ആമ്മേൻ

ബലിപീഠത്തിൻെറ നേരെ തിരിഞ്ഞു
കൈകൂപ്പിപ്പിടിച്ചു കൊണ്ടു്

**പുരോ.** കരുണാനിധിയായ കർത്താവേ,
ഞങ്ങളുടെ ജീവിതകാലം മുഴുവൻ
സൽപ്രവൃത്തികൾ ചെയ്തുകൊണ്ടു്
അങ്ങയെ പ്രീതിപ്പെടുത്തുവാനും
കൃതജ്ഞതാകീർത്തനങ്ങളാലപിച്ചുകൊണ്ടു്
നിരന്തരം അങ്ങയെ പുകഴ്ത്തുവാനും
ഞങ്ങളെ അനുഗ്രഹിക്കുമാറാകണമേ.
പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ.** ആമ്മേൻ.

ഇടത്തുവശത്തു ചെന്നു കൈകൾ കഴുകി
തുടയ്ക്കുന്നു.

**പുരോ.** സകലത്തിൻെറയും കർത്താവായദൈവം
തൻെറ അനുഗ്രഹത്തിൻെറ ജലത്താൽ
നമ്മുടെ പാപക്കറകൾ കഴുകിക്കളയട്ടെ.

**സമൂ.** തൻെറ കൃപയാലും അനുഗ്രഹത്താലും
നമ്മുടെ മാലിന്യംതുടച്ചുനീക്കുകയും ചെയ്യട്ടെ.

പുരോഹിതൻ രണ്ടുകൈകൊണ്ടും പീലാസഎടുത്തു മുഖത്തോളംഉയർത്തി "വരുവിൻകർത്താവിനെവാഴ്ത്താം" എന്നു ചൊല്ലിക്കൊണ്ടു ജനങ്ങളുടെനേരെതിരിയുന്നു. അനന്തരം പീഠത്തിന്റെ മധ്യത്തിൽച്ചെന്നു വലത്തുകൈനീട്ടി കാസ എടുത്തു ബലിപീഠത്തിന്റെ നേരെതിരിഞ്ഞു നില്ക്കുന്നു.

ഗാനം

മിശിഹാകർത്താവേ
മാനവരക്ഷകനേ,
നരനു വിമോചനമേകിടുവാൻ
നരനായ്‌വന്നുപിറന്നവനേ,

മാലാഖമാരൊത്തുഞങ്ങൾ
പാടിപ്പുകഴ്ത്തുന്നു നിന്നെ
പരിശുദ്ധൻ, പരിശുദ്ധൻ
കർത്താവേ, നീ പരിശുദ്ധൻ

**ശുശ്രൂ.** പ്രാർത്ഥിക്കാം; നമുക്കുസമാധാനമുണ്ടാകട്ടെ

പുരോഹിതൻ കൈകൾ ബലിവസ്തുക്കളോടുകൂടി കുരിശാകൃതിയിൽ ഉയർത്തിപ്പിടിക്കുന്നു.

**പുരോ.** നമ്മുടെ രക്ഷയ്ക്കുവേണ്ടി
(സമൂഹവും കൂടി)തന്നെത്തന്നെ ബലിയർപ്പിക്കയും,
തന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും
സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും
സ്മരണ എന്നും കൊണ്ടാടുവാൻ
നമ്മോടു കല്പിക്കയുംചെയ്ത മിശിഹാ
നമ്മുടെ കരങ്ങളിൽനിന്നു്
ഈ ബലി സ്വീകരിക്കട്ടെ ആമ്മേൻ

അല്പനേരത്തെ മൗനം. എല്ലാവരും സ്വയം നിത്യപിതാവിനു കാഴ്ചവച്ചു കുർബാനയുടെ നിയോഗംസ്വീകരിക്കുന്നു ബലിവസ്തുക്കൾ താഴെവയ്ക്കുമ്പോൾ

**പുരോ.** ഞങ്ങളുടെ കർത്താവായ ദൈവമേ,
പരിശുദ്ധമായ ഈ ബലിസമർപ്പണം
അങ്ങയുടെ പ്രകടമായ കല്പനയനുസരിച്ച്
അങ്ങയുടെ മഹത്വമേറിയപ്രത്യാഗമനംവരെ
വിശുദ്ധബലിപീഠത്തിന്മേൽ ആവർത്തിക്കപ്പെടുന്നു.
ഞങ്ങൾ അങ്ങയെ ആരാധിക്കയും
കൃതജ്ഞതാപൂർവ്വംസ്തുതിക്കയുംചെയ്യുന്നു:
ഇപ്പോഴും എപ്പോഴും എന്നേയ്ക്കും

**സമൂ.** ആമ്മേൻ

ശുശ്രൂഷകൻ ശോശപ്പാ വിടർത്തിക്കൊടുക്കുന്നു. അതുകൊണ്ടു ബലിവസ്തുക്കൾ മൂടിയ ശേഷം

**പുരോ.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ദൈവജനനിയായ കന്യകാമറിയത്തെയും,
നീതിമാനായ മാർ യൗസേപ്പിനെയും
ബലിപീഠത്തിങ്കൽ നമുക്ക് അനുസ്മരിക്കാം.

**സമൂ.** ആദിമുതൽ എന്നേയ്ക്കും ആമ്മേൻ:
ദൈവപുത്രന്റെ ശ്ലീഹന്മാരേ,
ഏകജാതന്റെ സ്നേഹിതരേ,
സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുവിൻ.

**പുരോ.** നമ്മുടെ പിതാവായ മാർത്താമ്മാശ്ലീഹായെയും...
മകുടം ചൂടിയ രക്തസാക്ഷികളെയും
വിജയം വരിച്ച നീതിമാന്മാരെയും
ബലിപീഠത്തിങ്കൽ നമുക്ക് അനുസ്മരിക്കാം.

**സമൂ.** ബലവാനായ കർത്താവു നമ്മോടുകൂടെയുണ്ട്:
നമ്മുടെ രാജാവു നമ്മോടുകൂടെയുണ്ട്:
നമ്മുടെ ദൈവം നമ്മോടുകൂടെയുണ്ട്:
യാക്കോബിന്റെ ദൈവം നമുക്കു തുണയാകുന്നു.

**പുരോ.** മരിച്ചുപോയ സകലവിശ്വാസികളും
മഹത്വമേറിയ അങ്ങയുടെ ഉത്ഥാനംവഴി
തങ്ങളും ഉയിർക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ട്
പ്രശാന്തരായി നിദ്രകൊള്ളുന്നു.

**സമൂ.** ഉപവാസത്താലും പ്രാർത്ഥനയാലും
പാപത്തെക്കുറിച്ചുള്ള പശ്ചാത്താപത്താലും
പിതാവിനെയും പുത്രനെയും
പരിശുദ്ധാത്മാവിനെയും നമുക്കു പ്രസാദിപ്പിക്കാം.

പുരോഹിതൻ അഴിക്കാലിനടുത്തു ചെന്നു ബലിപീഠത്തിലേയ്ക്കു തിരിഞ്ഞുനിന്നു കൈകരം ഉയർത്തി വിശ്വാസപ്രമാണം ആരംഭിക്കുന്നു.

**പുരോ.** സർവ്വശക്തനായ
(സമൂഹവും കൂടി) ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.
ദൃശ്യവും അദൃശ്യവുമായതെല്ലാം സൃഷ്ടിച്ച
പിതാവായ ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.
ദൈവത്തിൻെറ ഏക പുത്രനായ
ഈശോമിശിഹായിലും ഞങ്ങൾ വിശ്വസിക്കുന്നു.
യുഗങ്ങൾക്കും സൃഷ്ടികർമ്മത്തിനും മുമ്പേ,
അവിടന്നു പിതാവിൽ നിന്നു ജനിച്ചു.
എങ്കിലും സൃഷ്ടിക്കപ്പെടാത്തവനും,
സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും,
പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു.
ആ പുത്രൻ വഴിയായി ലോകം രൂപം കൊള്ളുകയും,
സകലതും സൃഷ്ടിക്കപ്പെടുകയും ചെയ്തു.
മനുഷ്യരായ നമ്മെ രക്ഷിക്കുവാൻ
അവിടന്നു സ്വർഗ്ഗത്തിൽ നിന്നു് ഇറങ്ങിവന്നു.
പരിശുദ്ധാത്മാവിനാൽ മനുഷ്യനായി
കന്യകാമറിയത്തിൽ നിന്നു് പിറന്നു്
പന്തിയോസു് പീലാത്തോസിൻെറ കാലത്തു പീഡനമേററു്,
കുരിശിന്മേൽ തറയ്ക്കപ്പെട്ടു മരിക്കയും,
സംസ്കരിക്കപ്പെട്ടതിനുശേഷം,
വിശുദ്ധഗ്രന്ഥത്തിൽ എഴുതപ്പെട്ടിരുന്നതുപോലെ
മൂന്നാം ദിവസം ഉയിർക്കുകയും ചെയ്തു.
അനന്തരം അവിടന്നു സ്വർഗ്ഗത്തിലേയ്ക്കു് എഴുന്നള്ളി
പിതാവിൻെറ വലത്തുവശത്തിരിക്കുന്നു.
മരിച്ചവരെയും ജീവിക്കുന്നവരെയും വിധിക്കുവാൻ
വീണ്ടും അവിടന്നു എഴുന്നള്ളിവരും.
പിതാവിലും പുത്രനിലും നിന്നു പുറപ്പെടുന്ന
സത്യാത്മാവും ജീവദാതാവുമായ

ഏകപരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു.
പരിശുദ്ധവും സാർവ്വത്രികവും,
ശ്ലൈഹികവുമായ ഏകസഭയിലും,
പാപമോചനത്തിനുള്ള ഏകമാമ്മോദീസായിലും,
ശരീരത്തിന്റെ ഉയിർപ്പിലും അനന്തമായ ജീവിതത്തിലും
ഞങ്ങൾ വിശ്വസിക്കുന്നു ആമ്മേൻ.

പുരോഹിതൻ താഴെ കാണുന്ന പ്രാർത്ഥന താഴ്ന്ന സ്വരത്തിൽ ചൊല്ലിക്കൊണ്ട് മൂന്നു പ്രാവശ്യം കുനിഞ്ഞു ബലിപീഠത്തെ സമീപിച്ച് അതിന്റെ മദ്ധ്യത്തിലും രണ്ടുവശങ്ങളിലും ചുംബിക്കുന്നു.

പുരോ. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ ദൈവമേ,
നിന്റെ പുത്രനായ മിശിഹായുടെ തിരുശരീരവും രക്തവും
നിനക്കു ബലിയർപ്പിക്കുവാൻ
പാപിയായ എന്നെ തിരഞ്ഞെടുത്തതിനാൽ
ഞാൻ നിന്നെ സ്തുതിച്ചാരാധിക്കുന്നു.
നിന്റെ അജഗണത്തിന്റെ പാപശാന്തിക്കും
തിരുസഭയുടെ ഐശ്വര്യത്തിനും
ലോകത്തിന്റെ സമാധാനത്തിനും വേണ്ടി
ഈ ബലി കൈക്കൊള്ളണമേ.
ഞങ്ങളിൽനിന്നു സ്വീകരിച്ച മനുഷ്യസ്വഭാവത്തോടെ
വിധിദിവസത്തിൽ നീ പ്രത്യക്ഷനാകുമ്പോൾ
നിന്റെ അനുഗ്രഹത്തിനു ഞങ്ങളെ അർഹരാക്കുകയും,
മാലാഖാമാരോടുകൂടെ നിന്നെ പാടിപ്പുകഴ്ത്തുവാൻ
സ്വർഗ്ഗരാജ്യത്തിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കയുംചെയ്യണമേ.

വിശ്വാസപ്രമാണം തീർന്നാലുടനെ ശുശ്രൂഷകർ അവിടെത്തന്നെ ജനങ്ങളുടെനേരെ തിരിഞ്ഞുനിന്നുചൊല്ലുന്നു.

ശുശ്രൂ. മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ
നമ്മുടെ പിതാക്കന്മാർക്കുവേണ്ടിയും,
പുരോഹിതന്മാർ ശമ്മാശന്മാർ എന്നിവർക്കുവേണ്ടിയും,
നമ്മുടെ മാതാപിതാക്കന്മാർ സഹോദരീസഹോദരന്മാർ
ബന്ധുമിത്രങ്ങൾ ആദിയായവർക്കുവേണ്ടിയും,
നമുക്ക് ഇപ്പോൾ ദൈവത്തോടുപ്രാർത്ഥിക്കാം.

പ്രവാചകന്മാരെയും ശ്ലീഹന്മാരെയും വന്ദകരെയും
രക്തസാക്ഷികളെയും നമുക്ക് അനുസ്മരിക്കാം.
അവസാനം അവരെ നിത്യകിരീടമണിയിക്കുമ്പോൾ
അവരുടെ കൂടെ ദൈവം നമ്മെയും
സ്വർഗ്ഗരാജ്യത്തിലേയ്ക്കു സ്വീകരിക്കുമാറാകട്ടെ ആമ്മേൻ.

**പുരോ.** (കൈകൾ കുരിശാകൃതിയിൽ നെഞ്ചിന്മേൽവച്ചുകൊണ്ടു)
ഞങ്ങളുടെ കർത്താവായ ദൈവമേ,
ഞങ്ങൾ അങ്ങയെ ആരാധിക്കയും
കൃതജ്ഞതാപൂർവ്വം സ്തുതിക്കയും ചെയ്യുന്നു:
ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും

**സമൂ.** ആമ്മേൻ.

**പുരോ.** (ജനങ്ങളുടെ നേരെതിരിഞ്ഞു്)
നിങ്ങൾക്കു ✠ സമാധാനം

**സമൂ.** അങ്ങേയ്ക്കും.

ശുശ്രൂഷകൻ പുരോഹിതൻെറ വലത്തുകൈയുടെ വിരലുകൾ സ്വന്തം കൈപ്പത്തികൾക്കുള്ളിൽവരത്തക്കവണ്ണം തൊട്ടു സമാധനം സ്വീകരിച്ചു ജനങ്ങളുടെ നേരെതിരിഞ്ഞുനിന്നുപറയുന്നു.

**ശുശ്രൂ.** സഹോദരരേ,
നിങ്ങൾ മിശിഹായുടെ സ്നേഹത്തിൽ
പരസ്പരം സമാധാനം നേരുവിൻ.

ശുശ്രൂഷകൻ അഴിക്കാലിനടുത്തുചെന്നു സമാധാനം പകരുന്നു. പുരോഹിതൻ ശോശപ്പ കോണോടുകോൺ മടക്കി ബലിവസ്തുക്കൾക്കുചുററുമായി വച്ചശേഷം ചൊല്ലുന്നു.

**പുരോ.** നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും,
പിതാവായദൈവത്തിൻെറ സ്നേഹവും,
പരിശുദ്ധാത്മാവിൻെറ സഹവാസവും നമുക്കുണ്ടായിരിക്കട്ടെ.
ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

(✠ ഇവിടെ ബലിവസ്തുക്കൾ റൂശ്മാചെയ്യുന്നു)

**സമൂ.** ആമ്മേൻ.

**പുരോ.** (കൈകരംഉയർത്തിപ്പിടിച്ചുകൊണ്ടു)
നമ്മുടെ ചിന്തകൾ
സ്വർഗ്ഗത്തിലേയ്ക്കു് ഉയരട്ടെ.

**സമൂ.** (കൈകൂപ്പിപ്പിടിച്ചു കണ്ണുകളുയർത്തി)
അബ്രാഹത്തിൻെറയും ഇസഹാക്കിൻെറയും
ഇസ്രായേലിൻെറയും ദൈവമേ,
അങ്ങയുടെപക്കലേയ്ക്കു്.

**പുരോ.** സകലത്തിൻെറയും നാഥനായ ദൈവത്തിനു് ബലിയർപ്പിക്കപ്പെടുന്നു.

**സമൂ.** അതു നമ്മുടെ കർത്തവ്യമാണല്ലോ.

**പുരോ.** (കൈകരം ഉയർത്തിപ്പിടിച്ചുകൊണ്ടു്)
പിതാവും പുത്രനുംപരിശുദ്ധാത്മാവുമായസർവ്വേശ്വരാ
അങ്ങയുടെ ത്രിത്വത്തിൻെറ മഹനീയനാമം
മനുഷ്യവർഗ്ഗത്തിൻെറ കൃതജ്ഞതയും
സൃഷ്ടികളുടെയെല്ലാം ആരാധനയും അർഹിക്കുന്നു.
എന്തെന്നാൽ അങ്ങുലോകത്തെ സൃഷ്ടിക്കയും,
മനുഷ്യരോടു മഹത്തായ കരുണ കാണിക്കയും ചെയ്തു.
ആയിരമായിരം മാലാഖാമാരും സ്വർഗ്ഗവാസികളും
അങ്ങയെ കുമ്പിട്ടാരാധിക്കുന്നു.
അഗ്നിമയന്മാരായ സ്വർഗ്ഗീയദൂതന്മാർ
അങ്ങയുടെനാമത്തെ പ്രകീർത്തിക്കയും
ഇടവിടാതെ ഉച്ചത്തിൽ
ഇപ്രകാരം പാടിപ്പുകഴ്ത്തുകയുംചെയ്യുന്നു.

### ഗാനം

പരിശുദ്ധൻ നിത്യം പരിശുദ്ധൻ
ബലവാനാം ദൈവം പരിശുദ്ധൻ:
നാഥാ, നിൻ കീർത്തനഗീതികളാൽ
നിറയുന്നുവിണ്ണും ഭൂതലവും:

ഉന്നതവീഥിയിലോശാനാ
ദാവീദിൻ സുതനോശാനാ:
കർത്താവിൻ തിരുനാമത്തിൽ
വന്നവനേ വാഴ്ത്തിപ്പാടിടാം
ഓശാനാ, ഓശാനാ, ഓശാനാ,

**പുരോ.** പിതാവായ ദൈവമേ, അങ്ങു പരിശുദ്ധനാകുന്നു;
പിതൃത്വമെല്ലാം അങ്ങിൽനിന്നാണല്ലോ.
പുത്രനായ ദൈവമേ, അങ്ങു പരിശുദ്ധനാകുന്നു;
സൃഷ്ടികർമ്മമെല്ലാം അങ്ങു വഴിയാണല്ലോ.
പരിശുദ്ധാത്മാവായ ദൈവമേ, അങ്ങു പരിശുദ്ധനാകുന്നു;
വിശുദ്ധീകരണമെല്ലാം അങ്ങയുടെ പ്രവൃത്തിയാണല്ലോ.
കർത്താവേ എന്നെ അനുഗ്രഹിക്കണമേ.

ജനങ്ങളുടെ നേരെ തിരിഞ്ഞു കൈനീട്ടി മലർത്തിപ്പിടിച്ച്

എന്റെ സഹോദരരേ,
ഈ ബലി യഥായോഗ്യം അർപ്പിക്കുവാൻ
നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ

വീണ്ടും പീഠത്തിലേയ്ക്കു തിരിയുന്നു

**സമൂ.** മിശിഹാ അങ്ങയുടെ പ്രാർത്ഥന കേൾക്കട്ടെ:
അങ്ങയുടെ പൗരോഹിത്യത്തെ മഹത്വപ്പെടുത്തട്ടെ:
അങ്ങേയ്ക്കുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും
ദിവ്യദാനങ്ങൾകാത്തിരിക്കുന്നലോകത്തിനുവേണ്ടിയും
അങ്ങു സമർപ്പിക്കുന്ന ഈ പരിഹാരബലി
സന്തോഷപൂർവ്വം സ്വീകരിക്കയും ചെയ്യട്ടെ.

**പുരോ.** (കൈകൂപ്പിപ്പിടിച്ച്)
ഞങ്ങളുടെ കർത്താവായ ദൈവമേ,
ഞങ്ങളോടു നീ കാണിച്ചിരിക്കുന്ന കാരുണ്യം
നന്ദിപ്രകടിപ്പിക്കുവാൻ കഴിയാത്തവണ്ണം അനന്തമാകുന്നു.
ദൈവത്വംകൊണ്ടു ഞങ്ങളെ ജീവിപ്പിക്കുവാൻ
ഞങ്ങളുടെ മനുഷ്യത്വം നീ സ്വീകരിച്ചു:
അധഃപതിച്ചിരുന്ന ഞങ്ങളെ ഉദ്ധരിക്കയും,
മരണത്തിൽനിന്നു രക്ഷിക്കയും ചെയ്തു:
പാപികളായ ഞങ്ങളെ വിശുദ്ധീകരിക്കയും,
ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കയും ചെയ്തു:
അങ്ങയുടെ ഈ അനുഗ്രഹങ്ങളെല്ലാം ഓർത്തുകൊണ്ട്
ദുർബലരും നിസ്സഹായരുമായ ഞങ്ങൾ
വിനയപൂർവ്വം അങ്ങയെ സ്തുതിച്ചാരാധിക്കുന്നു.

സ്തുതിച്ചാരാധിക്കുന്നു എന്നു പറയുമ്പോൾ കൂപ്പുകൈ ബലിപീഠത്തിന്മേൽ തൊടത്തക്കവണ്ണം കുനിയുകയും ആ നിലയിൽ അല്പനേരം മൗനമായി നില്ക്കുകയും ചെയ്യുന്നു. അനന്തരം നിവർന്നു കൂദാശചെയ്യുന്നു,

ܐܰܚܺܝܕ݂ܳܢ ܫܡܰܝܳܐ ܘܰܐܪܥܳܐ

ܒܚܰܝܠܶܗ ܕܰܡܫܺܝܚܶܗ ܘܒܺܝܕ݂ܰܘܗܝ

ܒܪܳܐ ܕܶܐܬ݂ܓ݂ܠܺܝ ܠܰܢ ܀

ܒܠܶܠܝܳܐ ܒܰܪܢܳܫܳܐ ܗ̄ܘ ܕܰܐܬ݂ܚܰܫܰܚ ܗ̄ܘܳܐ ܒܶܗ

ܢܶܦܶܠ ܠܰܡܫܺܝܚܳܐ

ܒܰܠ ܐܰܝܟ݂ ܕܰܒ݂ܨܶܒ݂ܝܳܢܶܗ ܘܰܒ݂ܦܽܘܩܕܳܢܳܐ

ܘܰܒ݂ܪܚܡܰܝܗ̄ ܐܰܝܟ݂ ܕܰܐܬ݂ܚܰܫܰܚ

ܠܰܦ݂ܽܘܡܶܗ ܕܰܐܒ݂ܽܘܗ݈ܝ ܡܫܰܒ݂ܚܺܝܢܰܢ ܘܡܒܰܪ̈ܟ݂ܺܝܢܰܢ ✠

ܘܡܰܘܕܶܐ ܘܰܐܬ݂ܪܰܡܰܡ ܠܰܐܠܳܗܽܘܬ݂ܶܗ ܘܝܰܗ̄ܒ݂ ܀

ܗܳܢܳܐ ܕܰܐܒ݂ܽܘܗ݈ܝ ܒܪܳܐ ܕܰܐܠܳܗܳܐ

ܕܰܡܫܰܒ݂ܚܳܐ ܡܫܺܝܚܳܐ

ܠܥܳܠܡܺܝܢ ܕܰܡܫܰܒ݂ܚܳܐ ܀

ܗܳܫܳܐ ܘܰܒ݂ܟ݂ܽܠܙܒ݂ܰܢ ܠܥܳܠܰܡ ܥܳܠܡܺܝܢ .

**സമൂ.** ആമ്മേൻ.

ܘܗܳܕܶܐ ܐܰܦ ܥܰܠ ܟܽܠܗܶܝܢ ܐܰܒ݂ܳܗܰܝܢ ܘܡܒܰܪ̈ܟ݂ܺܝܢܰܢ ✠

ܘܡܰܘܕܶܝܢ ܠܳܗ ܘܰܐܬ݂ܪܰܡܰܡ ܀

ܗܳܢܳܐ ܕܰܐܒ݂ܽܘܗ݈ܝ ܒܪܳܐ ܕܰܐܠܳܗܳܐ

ܒܰܡܫܺܝܚܳܐ ܡܫܰܒ݂ܚܳܐ

ܕܰܡܫܰܒ݂ܚܳܐ ܡܫܰܒ݂ܚܳܐ ܡܫܺܝܚܳܐ

ܠܥܳܠܡܺܝܢ ܕܰܡܫܰܒ݂ܚܳܐ ܀

ܗܳܫܳܐ ܘܰܒ݂ܟ݂ܽܠܙܒ݂ܰܢ ܠܥܳܠܰܡ ܥܳܠܡܺܝܢ .

**സമൂ.** ആമ്മേൻ.

ദൈവമേ, അങ്ങയുടെ പ്രിയപുത്രൻ
ഞങ്ങളോടു കല്പിച്ചിരിക്കുന്നതുപോലെ
അവിടത്തെ പീഡാനുഭവം
ഞങ്ങൾ ഇപ്പോൾ അനുസ്മരിക്കുന്നു.
അവിടത്തെ ഒററിക്കൊടുത്ത രാത്രിയിൽ
തൻെറ തൃക്കരങ്ങളിൽ അവിടന്നു അപ്പമെടുത്തു
സ്വർഗ്ഗത്തിലേയ്ക്കു ദൃഷ്ടികളുയർത്തി
ആരാധ്യനായ പിതാവിൻെറ പക്കലേയ്ക്കു നോക്കി
അപ്പം ആശീർവദിച്ചു ✠ മുറിച്ചു
ശിഷ്യന്മാർക്കു നല്കിക്കൊണ്ടു് അരുളിച്ചെയ്തു:-
"ഇതു നിങ്ങളുടെ പാപശാന്തിക്കു വേണ്ടി മുറിക്കപ്പെടുന്ന
എൻെറ ശരീരമാകുന്നു:
എല്ലാവരും വാങ്ങി ഭക്ഷിക്കുവിൻ".

**സമൂ.** ആമ്മേൻ.

സൂചന:- 'അപ്പമെടുത്തു' എന്നു പറയുമ്പോൾ ഓസ്തിയോടുകൂടെ പീലാസ കൈകളിലെടുക്കുന്നു. 'ദൃഷ്ടികളുയർത്തി' എന്നു പറയുമ്പോൾ കണ്ണുകളുയർത്തുന്നു. 'ആശീർവ്വദിച്ചു' എന്നു പറയുമ്പോൾ അപ്പത്തിന്മേൽ ഒരു പ്രാവശ്യം ✠ വരയ്ക്കുന്നു.

ജനങ്ങൾ 'ആമ്മേൻ' പറഞ്ഞു കഴിയുമ്പോൾ പീലാസ ശിരസ്സിനു മുകളിൽ കാണത്തക്കവിധം രണ്ടുകൈകൊണ്ടും ഉയർത്തുന്നു. അനന്തരം പീലാസ പീഠത്തിൽ വച്ചിട്ടു് കുനിയുന്നു.

**പുരോ.** അപ്രകാരംതന്നെ അവിടന്നു് കാസയെടുത്തു
സ്തോത്രം ചെയ്തു് ആശീർവ്വദിച്ചു് ✠
അവർക്കു നല്കിക്കൊണ്ടു് അരുളിച്ചെയ്തു:-
"ഇതു് അനേകരുടെപാപശാന്തിക്കുവേണ്ടി ചിന്തപ്പെടുന്ന
പുതിയ നിയമത്തിലെ എൻെറ രക്തമാകുന്നു:
എല്ലാവരും വാങ്ങിക്കുടിക്കുവിൻ."

**സമൂ.** ആമ്മേൻ.

'ആമ്മേൻ' പറഞ്ഞുകഴിയുമ്പോൾ ജനങ്ങൾ കാണത്തക്കവിധം വലത്തുകൈകൊണ്ടു് കാസ എടുത്തുയർത്തുന്നു. ഇടത്തുകൈ കാസയുടെ ചുവട്ടിൽതൊട്ടിരിക്കണം. അനന്തരം കാസ താഴെവച്ചു കുനിയുന്നു. നിവർന്നുകൈകൂപ്പിക്കൊണ്ടു്

**പുരോ.** "നിങ്ങൾ എന്റെ നാമത്തിൽ ഒരുമിച്ചുകൂടുമ്പോൾ
ഞാൻ ഇപ്പോൾ അനുഷ്ഠിച്ചതു്
എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ"

ഞങ്ങളുടെ കർത്താവായദൈവമേ,
പരമ്പരാഗതമായ ഈ മാതൃകയനുസരിച്ചു്
ഇപ്പോൾ അങ്ങയുടെനാമത്തിൽ ഒരുമിച്ചുകൂടി
ഞങ്ങളുടെ കർത്താവീശോമിശിഹായുടെ
പീഡാനുഭവത്തിന്റെയും മരണത്തിന്റെയും,
സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും
ഓർമ്മ ഞങ്ങൾ കൊണ്ടാടുകയും,
അങ്ങയുടെ അത്ഭുതകരമായ കാരുണ്യത്തിനുവേണ്ടി
നിരന്തരം അങ്ങയെ സ്തുതിക്കയും ചെയ്യുന്നു.

സജീവവും പരിശുദ്ധവും
ജീവദായകവുമായ അങ്ങയുടെനാമത്തെ
ഞങ്ങൾ ആരാധിക്കയും
കൃതജ്ഞതാപൂർവ്വം സ്തുതിക്കയും ചെയ്യുന്നു:
ഇപ്പോഴും എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** (ജനങ്ങളുടെനേരെതിരിഞ്ഞു)
ഉന്നതങ്ങളിലേക്കു ദൃഷ്ടികളുയർത്തി
ഇവിടെ നടക്കുന്ന ദിവ്യകർമ്മങ്ങളെക്കുറിച്ചു്
ഭക്തിയോടും ശ്രദ്ധയോടുംകൂടെ നമുക്കു ധ്യാനിക്കാം.
മഹനീയമായ ബലിപീഠത്തിന്റെ മുമ്പിൽ
മാലാഖാമാർ ആദരവോടെ നിലകൊള്ളുന്നു.
മിശിഹായുടെ ശരീരത്തെയും രക്തത്തെയും
അവർ ഉച്ചത്തിൽ പാടിസ്തുതിക്കുന്നു.
സമസ്തലോകത്തിനും വേണ്ടി പ്രാർത്ഥനയർപ്പിക്കുന്ന
പുരോഹിതനോടു കൂടെ നമുക്കും
ദൈവാനുഗ്രഹത്തിനായിപ്രാർത്ഥിക്കാം.

**പുരോ.** (കൈവിരിച്ചുപിടിച്ചുകൊണ്ടു്)
കർത്താവേ, ശക്തനായദൈവമേ,
തിരുസഭയുടെ തലവനും ഭരണാധികാരിയുമായ
റോമായിലെ മാർ...പാപ്പായ്ക്കുവേണ്ടിയും,
ഞങ്ങളുടെ പിതാവു മാർ...മെത്രാപ്പോലീത്തായ്ക്കു (മെത്രാനു) വേണ്ടിയും
ലോകമെങ്ങുമുള്ള കത്തോലിക്കാ സഭയ്ക്കുവേണ്ടിയും,

പുരോഹിതന്മാർ, ഭരണകർത്താക്കൾ എന്നിവർക്കു വേണ്ടിയും,
പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും,
രക്തസാക്ഷികളുടെയും വന്ദകരുടെയും,
നീതിമാന്മാരായ വിശുദ്ധ പിതാക്കന്മാരുടെയും
പാവനസ്മരണയ്ക്കു വേണ്ടിയും
ദാരിദ്ര്യത്താലും രോഗത്താലും വലയുന്നവർക്കുവേണ്ടിയും,
സങ്കടങ്ങളാൽ കഷ്ടപ്പെടുന്നവർക്കുവേണ്ടിയും,
മരിച്ചുപോയ വിശ്വാസികൾക്കുവേണ്ടിയും
അങ്ങയുടെ അനുഗ്രഹം പ്രതീക്ഷിച്ചിരിക്കുന്ന
ഞങ്ങൾ ഓരോരുത്തർക്കു വേണ്ടിയും
ഈ കർബ്ബാന സ്വീകരിക്കണമേ.

**പുരോ.** (കൈകൾ ഉയർത്തിപ്പിടിച്ചു കൊണ്ടു്)
ദൈവമേ, അങ്ങയുടെ കല്പനയനുസരിച്ചു്
(സമൂഹവുംകൂടി) മിശിഹായുടെ ശരീരവും രക്തവും
ഞങ്ങൾ അങ്ങേയ്ക്കു സമർപ്പിക്കുന്നു:
ജീവിതത്തിലെ എല്ലാ ദിവസവും
ഞങ്ങൾക്കു സമാധാനം നല്കണമേ:
യഥാർത്ഥപിതാവായ ദൈവം അങ്ങുമാത്രമാണെന്നും
അങ്ങയുടെ പ്രിയപുത്രനായ മിശിഹായെ
അങ്ങു ലോകത്തിലേയ്ക്കയച്ചുവെന്നും,
അവിടന്നു തന്റെ ജീവദായകമായ സുവിശേഷം വഴി
വിശുദ്ധിയുടെ മാർഗ്ഗം ഞങ്ങളെ പഠിപ്പിച്ചുവെന്നും
സകല മനുഷ്യരും അറിയുവാൻ ഇടയാകട്ടെ.

പുരോഹിതൻ പീഠത്തിന്മേൽ കുരിശുവരയ്ക്കുന്നു.

**ശുശ്രൂ.** നമുക്കെല്ലാവർക്കും നിർമ്മലരായിനിന്നു്
ഭക്തിപൂർവ്വം പ്രാർത്ഥിക്കാം.

പുരോഹിതൻ കൈകൾ കുരിശാകൃതിയിൽ കാസയുടെ മുകളിൽ പിടിച്ചുകൊണ്ടു ചൊല്ലുന്നു.

**പുരോ.** കർത്താവേ, പരിശുദ്ധാത്മാവു് എഴുന്നള്ളിവന്നു്
ഞങ്ങളുടെ ഈ ബലിയിൽ ആവസിച്ചു്
അതിനെ ആശീർവ്വദിക്കുമാറാകട്ടെ:
അതുവഴി പാപങ്ങൾക്കു പൊറുതിയും
ഉയിർപ്പിലുള്ള പ്രത്യാശയും

വിശുദ്ധരോടുകൂടി സ്വർഗ്ഗരാജ്യത്തിൽ
പുതിയൊരു ജീവിതവും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ.

പുരോഹിതൻ കൈകൾ കൂപ്പുന്നു.

അങ്ങു ഞങ്ങൾക്കു നല്കിട്ടുള്ള
എല്ലാ അനുഗ്രഹങ്ങൾക്കുംവേണ്ടി
ഞങ്ങൾ അങ്ങയെ സ്തുതിക്കയും
കൃതജ്ഞതാപൂർവ്വം ആരാധിക്കയും ചെയ്യുന്നു:
ഇപ്പോഴും എപ്പോഴും എന്നേക്കും

**സമൂ.** ആമ്മേൻ.

**പുരോ.** സ്വർഗ്ഗവാസികളുടെ ആനന്ദവും
ഭൂവാസികളുടെ പ്രതീക്ഷയുമായ മിശിഹായേ,
ലോകത്തിനു സമാധാനം നല്കണമേ:
കത്തോലിക്കാസഭയെ സംരക്ഷിക്കണമേ:
സഭയും രാഷ്ട്രവും തമ്മിൽ
സമാധാനബന്ധം പുലർത്തണമേ:
പ്രശാന്തമായ അന്തരീക്ഷത്തിൽ
വിനയത്തോടും ഭക്തിയോടും കൂടെ
സന്തുഷ്ടരായി ജീവിക്കുവാൻ
ഞങ്ങളെയെല്ലാം അനുഗ്രഹിക്കണമേ.

ദൈവമേ, എന്നോടു കരുണതോന്നണമേ:
ദയാപൂർവ്വം എന്റെ പാപങ്ങൾ മായിച്ചു കളയണമേ.

**സമൂ.** എന്റെ അപരാധങ്ങൾ കഴുകിക്കളയുകയും
തെറ്റുകൾ തുടച്ചുമാററുകയും ചെയ്യണമേ.

**പുരോ.** എന്തെന്നാൽ എന്റെ പാപങ്ങൾ ഞാനറിയുന്നു:
ഞാൻ അവയെല്ലാം കണ്ടുകൊണ്ടിരിക്കുന്നു.

**സമൂ.** അങ്ങേയ്ക്കെതിരായി ഞാൻ പാപം ചെയ്തു പോയി:
അങ്ങേ സന്നിധിയിൽ ഞാൻ തിന്മ പ്രവർത്തിച്ചു.

ശുശ്രൂഷകർ ധൂപം സമർപ്പിക്കുന്നു. പുരോഹിതൻ വലത്തു വശത്തേയ്ക്കു തിരിഞ്ഞു് കൈകൂപ്പി താഴെ കാണുന്ന പ്രാർത്ഥന ചൊല്ലി ധൂപം വാഴ്ത്തുന്നു.

**പുരോ.** സുഗന്ധമൂലങ്ങളുടെയും
സുരഭിലധാതുക്കളുടെയും നാഥാ,
വാഗ്ദാനപേടകത്തിന്റെ കൂടാരത്തിൽ

അഹറോൻ അപ്പിച്ച ധൂപം പോലെ
ഞങ്ങളുടെ പ്രാത്ഥനയും ധൂപാപ്പണവും
അങ്ങയെ പ്രസാദിപ്പിക്കുമാറാകട്ടെ. ✠

കൈകൾ ധൂപകുററിയുടെ മുകളിൽ കമിഴ്ത്തിപ്പിടിച്ചുകൊണ്ടു്

ഞങ്ങളുടെ കത്താവായ ദൈവമേ,
അങ്ങയുടെ സ്നേഹത്തിൻെറ പരിമളത്താൽ
എന്നെ വിശുദ്ധീകരിക്കണമേ:
വഴിതെററിയവരെത്തേടിവന്ന
നല്ലയിടയനായ കത്താവേ,
ഞങ്ങൾ ചെയ്തുപോയ പാപങ്ങളെല്ലാം
ദാക്ഷിണ്യപൂവ്വം ക്ഷമിക്കണമേ.

കൈകൾ കരിശാകൃതിയിൽ മാറത്തു വേക്കുന്നു. അനന്തരം വലത്തുകൈ ശുശ്രൂഷകരുടെ നേരെനീട്ടിക്കൊണ്ടു്

ഞങ്ങളുടെ കത്താവായ ദൈവമേ,
ബലിപീഠത്തിങ്കൽ നില്ക്കുന്ന
ഈ ശുശ്രൂഷകനെ (രെ) യും

കൈ ജനങ്ങളുടെ നേരെ നീട്ടിക്കൊണ്ടു്

അങ്ങയുടെ കാരുണ്യം പ്രതീക്ഷിച്ചിരിക്കുന്ന
ഈ ജനങ്ങളേയും വിശുദ്ധീകരിക്കണമേ.

ബലിപീഠത്തിലേയ്ക്കു കൈനീട്ടിക്കൊണ്ടു്

തിരുക്കല്ലറയുടെ സാദൃശ്യത്തിൽ
സ്ഥാപിച്ചിരിക്കുന്ന ഈ ബലിപീഠത്തെ
സുഗന്ധപൂരിതമാക്കണമേ.

കൈകൾ ഉയത്തിപ്പിടിച്ചുകൊണ്ടു്

ഞങ്ങളുടെ കത്താവായ ദൈവമേ,
സ്തുത്യഹവും പരിശുദ്ധവും
ജീവദായകവും ദൈവികവുമായ
ഈ ബലിവസ്തുക്കളെ സമീപിക്കുവാൻ
ഞങ്ങൾ തീത്തും അയോഗ്യരാകുന്നു;
എങ്കിലും അങ്ങയുടെ കാരുണ്യത്താൽ
അതിനു അനുവാദം നല്കുന്ന കത്താവേ,
ഞങ്ങളെ അനുഗ്രഹിക്കുമാറാകണമേ.

*കൈകഠം കുരിശാകൃതിയിൽ നെഞ്ചിന്മേൽ ചേൎത്തുപിടിച്ചുകൊണ്ടു നന്നായി കുനിയുന്നു. അനന്തരം രണ്ടു കൈകൊണ്ടും തിരുശരീരം എടുത്തു ജനങ്ങഠം കാണത്തക്ക വിധത്തിൽ ഉയൎത്തുന്നു. അതിന്മേൽ നോക്കിക്കൊണ്ടു ചൊല്ലുന്നു.*

ഞങ്ങളുടെ കൎത്താവീശോമിശിഹായേ,
ഞങ്ങഠം അങ്ങയെ ആരാധിക്കുകയും,
അങ്ങയുടെ തിരുനാമം കീൎത്തിക്കയും ചെയ്യുന്നു.
സജീവവും ജീവദായകവുമായ ഈ അപ്പം
സ്വൎഗ്ഗത്തിൽ നിന്നു് ഇറങ്ങിവന്നതും
ലോകത്തിനു ജീവൻ നല്കുന്നതുമാകുന്നു:
ഇതു ഭക്ഷിക്കുന്നവരാരും
മരണത്തിനു വിധേയരാവുകയില്ല:
പാപമോചനവും രക്ഷയും നേടി
അവർ നിത്യജീവിതം പ്രാപിക്കും.

## ഗാനം

**സമൂ.** ''വിണ്ണിൽനിന്നു സമാഗതമായൊരു
ജീവദായകമപ്പംഞാൻ
സ്നേഹമോടതുസ്വീകരിപ്പവ-
രെന്നുമെന്നും ജീവിക്കും.''

ഞങ്ങഠം കാണ്മൂ ദിവ്യശരീരം
വൈദികന്റെ കരങ്ങളിൽ
അന്തികത്തിൽ മാലാഖാമാർ
കൈകഠംകൂപ്പിവണങ്ങുന്നു.

പാരിലങ്ങേ കൃപയുടെവാതിൽ
പാപികഠംക്കുതുറന്നവനേ,
ജാതമോദം ഞങ്ങളുമങ്ങേ
വാതിൽമുട്ടിവിളിക്കുന്നു.

ലോകനാഥാ, ഞങ്ങളെനിൻതിരു-
സന്നിധാനം ചേൎക്കണമേ.
രാപകൽ നിൻ കീൎത്തനമെന്നും
പാടുവാൻ വരമേകണമേ.

സ്വർഗ്ഗീയ മണവാളാ,
വിരുന്നിന്ന വിളിക്കപ്പെട്ടവക്കുവേണ്ടി
നിൻെറ തിരുരക്തത്തിൻെറ കാസ
നീതന്നെ സജ്ജമാക്കിയല്ലോ.

തിരുരക്തം ഉൾക്കൊള്ളുന്നു. അനന്തരം താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

ഞൻ പാപിയായിരുന്നിട്ടും
എനിക്കതു കുടിക്കുവാൻ തന്നു.
നിൻെറ അവാച്യമായ സ്നേഹത്തെ
ഞാൻ എന്നും പ്രകീർത്തിക്കും.

പുരോഹിതൻ ജനങ്ങളുടെ നേരെ തിരിഞ്ഞു് അവരെ ആശീർവ്വദിക്കുന്നു,

ജീവദായകനായ നമ്മുടെ കർത്താവീശോമിശിഹാ
തൻെറ ദിവ്യദാനം നമ്മിൽ ✠ പൂർണ്ണമാക്കട്ടെ.

**സമൂ.** എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

**ശുശ്രൂ.** സഹോദരരേ,
ദൈവപുത്രൻെറ തിരുശരീരവും രക്തവും
വിശ്വാസഭക്തിയോടെ സ്വീകരിക്കുവാൻ
തിരുസഭ നമ്മെ ക്ഷണിക്കുന്നു.

പുരോഹിതൻ കുസ്തോദി എടുത്തു ജനങ്ങളുടെ നേരെ തിരിഞ്ഞു് ഒരു തിരുവോസ്തിയെടുത്തു് ഉയർത്തി താഴെ കാണുന്ന വാചകം ചൊല്ലുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരവും രക്തവും
നിങ്ങൾക്കു നിത്യജീവൻ നല്ലമാറാകട്ടെ.

ആദ്യത്തെ ആളിന്ന വി. കർബ്ബാന നല്കുന്നു. ആ വാചകം തന്നെ ആവർത്തിച്ചുചൊല്ലി മററുള്ളവക്കും വി. കർബ്ബാന കൊടുക്കുന്നു. അവസാനം പുരോഹിതനും ജനങ്ങളും കൈകൂപ്പിനിന്നു ചൊല്ലുന്നു.

**പുരോ.** മനുഷ്യവർഗ്ഗത്തിൻെറ പ്രത്യാശയും
(സമൂഹവുംകൂടി) സകലത്തിൻെറയും നാഥനുമായ മിശിഹായേ,
ഞങ്ങൾ ഭക്ഷിച്ച അങ്ങയുടെ തിരുശരീരവും
പാനം ചെയ്ത അങ്ങയുടെ തിരുരക്തവും
ഞങ്ങൾക്കു നിത്യജീവൻ നല്ലമാറാകട്ടെ.

DVK Library
Bangalore - 29

മഹത്വമേറിയ ത്രിത്വത്തിൻെറ നാമത്തിൽ
പരിശുദ്ധമായ ഈ ബലിവസ്തുക്കളെ
വേർതിരിക്കയും വീണ്ടും യോജിപ്പിക്കയും,
പരസ്പരം കലർത്തുകയും ചെയ്തിരിക്കുന്നു:
ഈ ബലിവസ്തുക്കൾ വഴിയായി
പാപങ്ങൾക്കു പൊറുതിയും
ഉയിർപ്പിലുള്ള പ്രതീക്ഷയും
സ്വർഗ്ഗരാജ്യത്തിൽ പുതിയൊരുജീവിതവും
ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ.

രണ്ടു ഭാഗങ്ങളും പീലാസയിൽ ഒന്നിനു മീതെ മററതായി കുരിശാകൃതിയിൽ വയ്ക്കുന്നു. നെററിയിൽ കുരിശടയാളം വരച്ചശേഷം ശോശപ്പ വിടർത്തിവയ്ക്കുന്നു. പാട്ടു തീരുമ്പോൾ പുരോഹിതൻ താഴെ വരുന്ന പ്രാർത്ഥന ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു.

**പുരോ.** നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും,
പിതാവായ ദൈവത്തിൻെറ സ്നേഹവും,
പരിശുദ്ധാത്മാവിൻെറ സഹവാസവും നമുക്കുണ്ടായിരിക്കട്ടെ:
ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂ.** ആമ്മേൻ.

ശുശ്രൂഷകൻ ജനങ്ങളുടെ നേരെ തിരിഞ്ഞു ചൊല്ലുന്നു. ജനങ്ങളുടെകൂടെ പുരോഹിതനും പ്രത്യുത്തരം ചൊല്ലുന്നു.

**ശുശ്രൂ.** ദിവ്യരക്ഷകൻെറ തിരുശരീരവും രക്തവും
നമ്മൾ ഇതാ, സ്വീകരിക്കുവാൻ പോകുന്നു:
ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും
മററുള്ളവരുടെ കുററങ്ങൾ ക്ഷമിച്ചുകൊണ്ടും
പാപങ്ങളെപ്പററി പശ്ചാത്തപിച്ചുകൊണ്ടും
നമ്മുടെ ആത്മാവിനെ നമുക്കു നിർമ്മലമാക്കാം.

**സമൂ.** ഞങ്ങളുടെ തെററുകളും പാപങ്ങളും
കർത്താവേ, ഞങ്ങളോടു പൊറുക്കണമേ.

**ശുശ്രൂ.** ഭിന്നതകളും മത്സരങ്ങളുമെല്ലാം
നമ്മിൽനിന്നു് അകററിക്കളയാം,

**സമൂ.** ഞങ്ങളുടെ തെററുകളും പാപങ്ങളും
കർത്താവേ, ഞങ്ങളോടു പൊറുക്കണമേ.

**ശുശ്രൂ.** കോപവും വൈരവും കഴുകിക്കളഞ്ഞു്
നമ്മുടെ ആത്മാവിനെ വിശുദ്ധീകരിക്കാം.

**സമൂ.** ഞങ്ങളുടെ തെററുകളും പാപങ്ങളും
കർത്താവേ ഞങ്ങളോടു പൊറുക്കണമേ.

**ശുശ്രൂ.** പരിശുദ്ധ കർബ്ബാന സ്വീകരിച്ചുകൊണ്ടു്
പരിശുദ്ധാത്മാവിൻെറ പവിത്രീകരണത്തിനു നമുക്കു് അഹ്ഹരാകാം.

**സമൂ.** ഞങ്ങളുടെ തെററുകളും പാപങ്ങളും
കർത്താവേ, ഞങ്ങളോടു പൊറുക്കണമേ.

**ശുശ്രൂ.** ഐക്യത്തോടും സ്നേഹത്തോടും
പരസ്പര സൗഹാർദ്ദത്തോടും കൂടി
നമുക്കു് ഈ ദിവ്യകൂദാശ സ്വീകരിക്കാം.

**സമൂ.** ശരീരത്തിൻെറ ഉയിപ്പിനും
നിത്യമായ ജീവിതത്തിനും
നമ്മെ അതു സഹായിക്കട്ടെ.

**ശുശ്രൂ.** പ്രാത്ഥിക്കാം: നമുക്കു സമാധാനമുണ്ടാകട്ടെ.

**പുരോ.** (കൈകരം ഉയത്തിപ്പിടിച്ചുകൊണ്ടു്)
കർത്താവേ, നിൻെറ സമാധാനം ഞങ്ങൾക്കു നല്കണമേ:
നിൻെറ കുരിശു ഞങ്ങൾക്കു രക്ഷാകേന്ദ്രമായിരിക്കട്ടെ:
ഞങ്ങളുടെ നാവു് നിൻെറ സത്യം പ്രകീത്തിക്കട്ടെ:
ഞങ്ങളുടെ അധരങ്ങൾ നിനക്കു വേണ്ടി
പുതിയ വീണകളായി രൂപാന്തരപ്പെടട്ടെ:
''നിങ്ങൾ ഇങ്ങനെ പ്രാത്ഥിക്കുവിൻ'' എന്നുപദേശിച്ചുകൊണ്ടു്
ശിഷ്യരെ നീ പഠിപ്പിച്ച വിശിഷ്ടമായ പ്രാത്ഥന
ഞങ്ങൾ എല്ലാവരുംകൂടി ഇപ്പോൾ ആവത്തിക്കുന്നു:

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
(സമൂഹവുംകൂടി)നിൻെറ നാമം കീത്തിക്കപ്പെടണം.
നിൻെറ വാഴ്ച വരണം:

സ്വർഗ്ഗത്തിലെപ്പോലെ നിൻെറ തിരുവുള്ളം
ഭൂമിയിലും നിറവേറണം:
ഞങ്ങൾക്കാവശ്യമുള്ള ആഹാരം
ഇന്നു ഞങ്ങൾക്കു നല്ലണമേ:
മററുള്ളവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ
ഞങ്ങളോടും നീ ക്ഷമിക്കണമേ:
ഞങ്ങളെ പരീക്ഷയിലുൾപ്പെടുത്തരുതേ:
തിന്മയിൽ നിന്നു് ഞങ്ങളെ രക്ഷിക്കണമേ ആമ്മേൻ.

**പുരോ.** (ജനങ്ങളുടെ നേരെ തിരിഞ്ഞു്)
നിങ്ങൾക്കു ✠ സമാധാനം.

**സമൂ.** അങ്ങേയ്ക്കും.

**പുരോ.** (കൂപ്പുകൈ അല്പം വിടർത്തി)
വിശുദ്ധിയുള്ളവർക്കു വിശുദ്ധകർബ്ബാന സ്വീകരിക്കാം.

**സമൂ.** പരിശുദ്ധനായ ഏകപിതാവിനും,
പരിശുദ്ധനായ ഏകപുത്രനും
പരിശുദ്ധനായ ഏകറൂഹായ്ക്കും
എന്നേയ്ക്കും പുകഴ്ചയുണ്ടാകട്ടെ.

പുരോഹിതൻ തിരുശരീരം കൈകളിലെടുത്തു താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

**പുരോ.** ജീവൻ നല്ലുന്ന നിൻെറ തിരുശരീരം
കർത്താവേ, എൻെറ അയോഗ്യതയാൽ
എൻെറ നാശത്തിനു കാരണമാകാതിരിക്കട്ടെ.
മനുഷ്യവർഗ്ഗത്തിൻെറ പ്രത്യാശയും
സകലത്തിൻെറയും നാഥനുമായ മിശിഹായേ,
നിൻെറ പാവനശരീരത്താൽ
എൻെറ ശരീരത്തെ വിശുദ്ധീകരിക്കണമേ:
നിൻെറതിരുരക്തത്താൽ
എൻെറ പാപങ്ങൾ കഴുകിക്കളയണമേ.

തിരുശരീരം സ്വീകരിക്കുന്നു. കുനിഞ്ഞ ശേഷം വലത്തുകൈകൊണ്ടു കാസ എടുത്തു് അല്പം ഉയർത്തിപ്പിടിച്ചു താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

സ്വർഗ്ഗീയ മണവാളാ,
വിരുന്നിനു വിളിക്കപ്പെട്ടവർക്കുവേണ്ടി
നിൻെറ തിരുരക്തത്തിൻെറ കാസ
നീതന്നെ സജ്ജമാക്കിയല്ലോ.

തിരുരക്തം ഉൾക്കൊള്ളുന്നു. അനന്തരം താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

ഞാൻ പാപിയായിരുന്നിട്ടും
എനിക്കതു കുടിക്കുവാൻ തന്നു.
നിൻെറ അവാച്യമായ സ്നേഹത്തെ
ഞാൻ എന്നും പ്രകീർത്തിക്കും.

പുരോഹിതൻ ജനങ്ങളുടെ നേരെ തിരിഞ്ഞ് അവരെ ആശീർവ്വദിക്കുന്നു,

ജീവദായകനായ നമ്മുടെ കർത്താവീശോമിശിഹാ
തൻെറ ദിവ്യദാനം നമ്മിൽ ✠ പൂർണ്ണമാക്കട്ടെ.

**സമൂ.** എപ്പോഴും എന്നേക്കും ആമ്മേൻ.

**ശുശ്രൂ.** സഹോദരരേ,
ദൈവപുത്രൻെറ തിരുശരീരവും രക്തവും
വിശ്വാസത്തോടെ സ്വീകരിക്കുവാൻ
തിരുസഭ നമ്മെ ക്ഷണിക്കുന്നു.

പുരോഹിതൻ കസ്തോദി എടുത്തു ജനങ്ങളുടെ നേരെ തിരിഞ്ഞ് ഒരു തിരുവോസ്തിയെടുത്ത് ഉയർത്തി താഴെ കാണുന്ന വാചകം ചൊല്ലുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരവും രക്തവും
നിങ്ങൾക്കു നിത്യജീവൻ നല്കുമാറാകട്ടെ.

ആദ്യത്തെ ആളിനു വി. കർബ്ബാന നല്കുന്നു. ആ വാചകം തന്നെ ആവർത്തിച്ചുചൊല്ലി മററുള്ളവർക്കും വി. കർബ്ബാന കൊടുക്കുന്നു. അവസാനം പുരോഹിതനും ജനങ്ങളും കൈകൂപ്പിനിന്നു ചൊല്ലുന്നു.

**പുരോ.** മനുഷ്യവർഗ്ഗത്തിൻെറ പ്രത്യാശയും
(സമൂഹവുംകൂടി) സകലത്തിൻെറയും നാഥനുമായ മിശിഹായേ,
ഞങ്ങൾ ഭക്ഷിച്ച അങ്ങയുടെ തിരുശരീരവും
പാനം ചെയ്ത അങ്ങയുടെ തിരുരക്തവും
ഞങ്ങൾക്കു നിത്യജീവൻ നല്കുമാറാകട്ടെ.

DVK Library
Bangalore - 29

പാപമോചനം നേടുവാനും
നിരന്തരം അങ്ങയെ സന്തോഷിപ്പിക്കുവാനും
ഞങ്ങളെ അവ സഹായിക്കയുംചെയ്യട്ടെ.

മനുഷ്യവർഗ്ഗത്തിൻെറ പ്രത്യാശയും
സകലത്തിൻെറയും നാഥനുമായ മിശിഹായേ,
അങ്ങയെ സ്വീകരിച്ചവരായ ഞങ്ങളിൽ
അങ്ങയുടെ ശക്തിയും ചൈതന്യവും കുടികൊള്ളട്ടെ.
നല്ലകള്ളനോടും നീതിമാന്മാരോടും കൂടെ
പറുദീസായിൽ പ്രവേശിക്കുവാനും
അവിടെ അങ്ങയെ പാടിപ്പുകഴ്ത്തുവാനും
ഞങ്ങളെ യോഗ്യരാക്കണമേ ആമ്മേൻ.

ജനങ്ങൾ താഴെകൊടുത്തിരിക്കുന്ന പാട്ടു പാടുന്നു. പുരോഹിതൻ കാസായുമായി വലത്തുവശത്തു ചെല്ലുമ്പോൾ ശുശ്രൂഷകൻ വീഞ്ഞും വെള്ളവും ഒഴിച്ചുകൊടുക്കുന്നു. നടുക്കുചെന്ന് അതു ഉൾക്കൊണ്ടശേഷം കാസയും പീലാസയും തുടച്ച് ക്രമപ്പെടുത്തുന്നു. ശുശ്രൂഷകൻ ശോശപ്പ മടക്കി പീഠത്തിന്മേൽ വയ്ക്കുന്നു.

## ഗാനം

മോദംകലർന്നു നിന്നെയുൾക്കൊണ്ട നിൻെറ ദാസരിൽ
സ്നേഹം തുളുമ്പിടുന്ന നാഥാ, കനിഞ്ഞു നവ്യ-
ജീവൻ ചൊരിഞ്ഞിടേണമേ.

ദേവാലയത്തിൽ ദിവ്യകർമ്മങ്ങൾ കണ്ട കണ്ണുകൾ
ലോകാവസാനനാളിലാകാശമാറിൽ നിൻെറ
യാകാരശോഭകാണണം.

നിൻ ദിവ്യകീർത്തനങ്ങൾ പാടിത്തളർന്ന നാവുകൾ
എന്നെന്നുമുന്നതത്തിൽ മാലാഖമാരുമൊത്തു
നിൻഗാനമാലപിക്കണം

നിൻ ദിവ്യകീർത്തനങ്ങളേറേററുണർന്ന കാതുകൾ
ജീവൻെറ നാട്ടിലേയ്ക്കുനാഥൻ വിളിച്ചിടുന്ന
നാദംതെളിഞ്ഞുകേൾക്കണം.

ദേവാലയത്തിനുള്ളിലൂന്നിപ്പതിഞ്ഞ കാലുകൾ
വിണ്ണിൽക്കുതിച്ചുയർന്നു കണ്ണഞ്ചിടുന്ന സ്വർഗ്ഗ-
രാജ്യത്തു സഞ്ചരിക്കണം.

**ശുശ്രൂ.** പരിശുദ്ധവും ജീവദായകവുമായ
ദിവ്യബലിയിൽ സംബന്ധിക്കുവാൻ
ഭാഗ്യം ലഭിച്ച നമുക്കേവർക്കും
അതിൻെറ ദാതാവായ ദൈവത്തെ
കൃതജ്ഞതയോടെ പാടിസ്തുതിക്കാം.

**സമൂ.** അവാച്യമായ ഈ അനുഗ്രഹത്തിന്
കർത്താവേ, ഞങ്ങൾ നന്ദിപറയുന്നു.

**ശുശ്രൂ.** പ്രാർത്ഥിക്കാം: നമുക്കു സമാധാനമുണ്ടാകട്ടെ.

**പുരോ.** ഞങ്ങളുടെ കർത്താവായ മിശിഹായേ,
ദിവ്യകാരുണ്യം അനുഭവിക്കുവാനും,
തിരുവചനങ്ങൾ ആസ്വദിക്കുവാനും,
ദേവാലയത്തിൽ അങ്ങയെ പാടിസ്തുതിക്കുവാനും
ഭാഗ്യം ലഭിച്ച ഞങ്ങൾ എല്ലാവരും
സന്തോഷപൂർവ്വം അങ്ങയോടു നന്ദിപറയുന്നു.
ഞങ്ങളുടെ വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും
അങ്ങയുടെ മുദ്ര എപ്പോഴും പതിഞ്ഞിരിക്കട്ടെ.
ഈ വിശുദ്ധ കുദാശവഴിയായി
പാപങ്ങളുടെ പൊറുതിയും
ഉയിർപ്പിൻെറ പ്രത്യാശയും
സ്വർഗ്ഗരാജ്യത്തിൽ പുതിയൊരു ജീവിതവും
ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ:
സകലത്തിൻെറയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** കർത്താവേ, അനുഗ്രഹിക്കണമേ.

## സമാപനപ്രാർത്ഥന

ഇടത്തുവശത്തേയ്ക്കുമാറി ജനങ്ങളുടെ നേരെ തിരിഞ്ഞ് അല്പം മുമ്പോട്ടുനീങ്ങിനിന്നു ചൊല്ലുന്നു.

തൻെറ ശരീരം ഭക്ഷിക്കുകയും
രക്തം പാനം ചെയ്കയും ചെയ്യുന്നവരെ
അവസാനദിവസം ഉയിർപ്പിക്കുമെന്നും,
ശിക്ഷാവിധിക്കുവിധേയരാക്കാതെ
അവരെ നിത്യജീവിതത്തിലേയ്ക്കു നയിക്കുമെന്നും
ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നു.
അവിടത്തെ ഈ വാഗ്ദാനപ്രകാരം

നിത്യഭാഗ്യത്തിലേയ്ക്കു നമ്മെ വിളിച്ച ദൈവം
സമൃദ്ധമായി നമ്മെ അനുഗ്രഹിക്കട്ടെ.
തൻെറ മഹത്വത്തിലേയ്ക്കു നമ്മെ ക്ഷണിച്ചവൻ
നമ്മുടെ ജീവിതത്തെ സംരക്ഷിക്കട്ടെ:
ഈ കർബ്ബാനയിൽ സംബന്ധിച്ച നമ്മുടെ സമൂഹത്തെ
അവിടന്നു് ആശീർവ്വദിക്കയും,
തൻെറ വിശുദ്ധകുരിശിനാൽ നമ്മെ അടയാളപ്പെടുത്തി
ആപത്തുകളിൽനിന്നു രക്ഷിക്കയും ചെയ്യട്ടെ:
ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

## മരിച്ചവർക്കുവേണ്ടിയുള്ള സമാപനപ്രാർത്ഥന

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥനകേൾക്കണമേ:
ഞങ്ങളുടെ കാഴ്ചകളും ബലികളും കൈക്കൊണ്ടു്
മരിച്ചവരുടെ പാപങ്ങൾക്കു മാപ്പുകൊടുക്കണമേ:
നിഷ്കളങ്കനായ ആബേലിൻെറ ആദ്യബലിപോലെയും
കുററവും കുറവുമില്ലാത്ത നോഹിൻെറ ബലിപോലെയും
അങ്ങയിൽ വിശ്വാസമർപ്പിച്ച അബ്രാഹത്തിൻെറയും,
വേദനകൾ ക്ഷമയോടെ സഹിച്ച യോബിൻേറയും
സത്യപ്രവാചകനായ ഏലിയാസിൻെറയും
അനുഗൃഹീതരായ ശിഷ്യരുടെയും
പരിശുദ്ധമായ ബലികൾപോലെയും,
വിധവയുടെ കൊച്ചുകാശുപോലെയും
അങ്ങേ ദാസനായ (ദാസിയായ)......വേണ്ടിയുള്ള ഈ ബലി
സന്തോഷപൂർവ്വം സ്വീകരിക്കണമേ:
അങ്ങയെ പ്രസാദിപ്പിച്ച നീതിമാന്മാരുടെകൂടെ
സ്വർഗ്ഗത്തിൽ നിത്യാനന്ദമനുഭവിക്കുവാൻ
അങ്ങയുടെ ദാസനെ (ദാസിയെ) അർഹനാ (യാ) ക്കണമെ:
ഇന്നത്തെ ദിവ്യകർമ്മങ്ങളിൽ സംബന്ധിച്ച എല്ലാവരെയും
ദയാപൂർവ്വം അനുഗ്രഹിക്കണമേ:
ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

സമൂ. ആമ്മേൻ.

പുരോഹിതൻ ബലിപീഠം ചുംബിച്ചു മടങ്ങിപ്പോകുന്നു.

# സീറോമലബാർ സഭയുടെ

# കുർബ്ബാനക്രമം

അഭിപ്രായത്തിനു സമൎപ്പിക്കുന്നതു്

14–9–1967.

Indic Digital Archive Foundation
gpura.org